# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പായിപ്പാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി10-1697/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 24/11/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പായിപ്പാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി10-1697/2023 തീയ്യതി: 24/11/2023

## കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2023 മുതൽ 31-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി. ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 20-09-2023 | 30-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-09-2023 | 30-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായ ആർ., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി സുനിത എം. എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ രഞ്ജിത്ത് എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ. ഡി. മോഹനൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ലിറ്റി തോമസ് | സെക്രട്ടറി | 01-04-2022 | 20-11-2022 |
| ബിന്ദു ഹരിഹരൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-11-2022 | 11-12-2022 |
| ലിറ്റി തോമസ് | സെക്രട്ടറി | 12-12-2022 | 26-02-2023 |
| ബിന്ദു ഹരിഹരൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഫസ്‌ലീന എ. | കൃഷി ഓഫീസർ | 01-04-2022 | 10-10-2022 |
| റസിയ എ. സലാം | കൃഷി ഓഫീസർ | 11-10-2022 | 31-03-2023 |
| ഡോ. സാലി സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ-FHC | 01-04-2022 | 06-05-2022 |
| ഡോ. അജിത്ത് തോമസ് മാത്യു | മെഡിക്കൽ ഓഫീസർ-FHC | 10-05-2022 | 31-03-2023 |
| ഡോ. ഗായത്രി ബി. എസ്. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ. ബീന കെ. ദാസ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 15-06-2022 |
| ഡോ.ലൗലി ഫിലിപ്പ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 16-06-2022 | 31-03-2023 |
| പ്രീതി സി. | സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| അനൂപ് പി. എസ്. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(പായിപ്പാട്) | 01-04-2022 | 20-06-2022 |
| വിഷ്ണു എം. ആർ. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(പായിപ്പാട്) | 21-06-2022 | 13-01-2023 |
| അനീസ എ. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(പായിപ്പാട്) | 14-01-2023 | 07-03-2023 |

| | | | |
|---|---|---|---|
| ഷൈല | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(പായിപ്പാട്) | 08-03-2023 | 31-03-2023 |
| കൃഷ്ണകുമാർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(ളായിക്കാട്) | 01-04-2022 | 15-10-2022 |
| മിനി റ്റി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(ളായിക്കാട്) | 16-10-2022 | 21-11-2022 |
| ശരണ്യ ദേവ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(ളായിക്കാട്) | 22-11-2022 | 06-02-2023 |
| നീരജ മറിയം ജോസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(ളായിക്കാട്) | 07-02-2023 | 31-03-2023 |
| അന്ന മാത്യൂ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| അസ്ജാദ് എം. എഫ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| മനോജ് പി. ജെ. | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ജയലക്ഷ്മി എം. | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 01-04-2022 | 31-03-2023 |
| രഞ്ജിത്ത് എം. എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 22-10-2022 |
| ബിന്ദു ഹരിഹരൻ | അസിസ്റ്റന്റ് സെക്രട്ടറി | 25-10-2022 | 31-03-2023 |
| ഡോ. സരിത തങ്കച്ചൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥക്ക് 2022-23 വർഷം പ്രോജക്ട് ചെലവ് ഇല്ല. മെഡിക്കൽ ഓഫീസർ-FHC-7.5.2022 മുതൽ 9.5.2022 വരെ കാലയളവിൽ ചാർജ് വഹിച്ചിരുന്നില്ല അസിസ്റ്റന്റ് സെക്രട്ടറി തസ്തിക 23.10.2022 മുതൽ 24.10.2022 വരെ ഒഴിവ്

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺടിബ്യൂഷൻ വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-3 |
| 5 | തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല | 1-1-4 |
| 6 | Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല | 1-1-5 |
| 7 | ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശമില്ല | 1-1-6 |
| 8 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-7 |
| 9 | അക്രൂവൽ വരവുകളുടെ ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | തൊഴിൽ നികുതി അക്രൂവൽ എൻടി-വരവ് എന്നിവ കൃത്യമായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യുന്നില്ല | 1-1-9 |
| 11 | Bidders Security Deposit മുന്നിരിപ്പിന്റെ വിശദാംശമില്ല | 1-1-10 |
| 12 | Advance Register-ൽ മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്തിട്ടില്ല | 1-1-11 |
| 13 | റിഡംപ്ഷൻ തുക അക്കൗണ്ട് ചെയ്തതിൽ അപാകത | 1-1-12 |
| 14 | തൊഴിലുറപ്പിന് മുൻകൂർ നൽകുന്നത് നേരിട്ട് ചെലവായി അക്കൗണ്ട് ചെയ്യുന്നില്ല | 1-1-13 |
| 15 | ചെലവ് ശീർഷകത്തിൽ വരവ് അക്കൗണ്ട് ചെയ്തു | 1-1-14 |
| 16 | ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രൂവൽ ചെയ്യുന്നില്ല | 1-1-15 |
| 17 | 21,000/- രൂപയുടെ ഗുണഭോക്തൃ വിഹിതം ചെലവ് വാർഷിക കണക്കുകളിൽ അക്കൗണ്ട് ചെയ്തില്ല | 1-1-16 |
| 18 | ബജറ്റ്-വിശകലനം | 1-2 |
| 19 | സാമ്പത്തിക വിശകലനം | 1-3 |
| 20 | ഗ്രാന്റ് വിനിയോഗം | 1-4 |
| 21 | വാർഷികപദ്ധതി അവലോകനം | 1-5 |
| 22 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി | 1-6 |
| 23 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 24 | കാഷ് ബാലൻസിന്റ പരിശോധന | 1-8 |
| 25 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |

| | | |
|---|---|---|
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 27 | 27.64 ലക്ഷം രൂപയുടെ ജനറൽ ഫണ്ട് 2022-23 വാർഷിക കണക്കിൽ ഒഴിവാക്കി | 1-11 |
| 28 | ഓൺലൈൻ രസീത് വരവുകൾ - IKM ൽ നിന്നും തുക ലഭ്യമാകുന്നതിൽ കാലതാമസം | 1-12 |
| 29 | ഷോപ്പിങ്ങ് കോംപ്ലെക്സിന്റെ വസ്തുനികുതി-മേൽത്തരം തറനിർമ്മിതിക്ക് നികുതി വർദ്ധനവ് കണക്കാക്കിയില്ല | 1-13 |
| 30 | വസ്തുനികുതി നിർണ്ണയത്തിൽ റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന കണക്കിലെടുത്തില്ല | 1-14 |
| 31 | വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി | 1-15 |
| 32 | ഒരേ മേഖലയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ വിവിധ മേഖലയിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തി | 1-16 |
| 33 | സമീപ കെട്ടിടങ്ങളെ വ്യത്യസ്ത രീതിയിൽ നികുതി നിർണ്ണയം നടത്തി | 1-17 |
| 34 | വസ്തുനികുതി വേക്കൻസി റെമിഷൻ അനുവദിച്ചത് - നടപടിക്രമങ്ങളിലെ അപാകതകൾ | 1-18 |
| 35 | 01/04/2023 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണം | 1-19 |
| 36 | ടർഫുകളുടെ വസ്തു നികുതി നിർണ്ണയത്തിൽ അപാകത | 1-20 |
| 37 | കരാറുകാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല | 1-21 |
| 38 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല – നികുതി വരുമാനം നഷ്ടമായി | 1-22 |
| 39 | ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-23 |
| 40 | കൃഷി ഓഫീസ് ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല | 1-24 |
| 41 | മാർക്കറ്റ് ലേലം ചെയ്തതിന് ബാധകമായ ജി.എസ്.റ്റി. അടവാക്കിയില്ല | 1-25 |
| 42 | OFC പോളുകൾക്ക് വാടക ഈടാക്കുന്നതിന് നിയമാനുസൃത കരാർ ചമച്ചിട്ടില്ല | 1-26 |
| 43 | ട്രേഡർമാരുടെ ലൈസൻസ്/തൊഴിൽ നികുതി-അടിസ്ഥാന ഡേറ്റ തയ്യാറാക്കിയിട്ടില്ല | 1-27 |
| 44 | 3 ലക്ഷം രൂപ അക്രൂവൽ വരവുകളുടെ കുടിശിക ഒടുക്കാനുള്ളവരുടെ വിശദാംശം സൂക്ഷിച്ചിട്ടില്ല | 1-28 |
| 45 | തനത് വരുമാന സ്രോതസ്സുകൾ-അധിക വിഭവ സമാഹരണം | 1-29 |
| 46 | ഇ-ടെൻഡർ ഫീസ് -ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല | 1-30 |
| 47 | ജിഎസ് ടി- സ്രോതസ്സിൽ കുറവ് വരുത്തേണ്ട വിഹിതം കുറവ് ചെയ്തില്ല | 1-31 |
| 48 | ആംബുലൻസ് വാങ്ങൽ - അപാകതകൾ | 1-32 |
| 49 | അഗതി രഹിത കേരളം പദ്ധതി -വികസന ഫണ്ട് വിഹിതം ആശ്രയ | 1-33 |

| | | |
|---|---|---|
| | അക്കൗണ്ടിൽ അവശേഷിക്കുന്നു | |
| 50 | നിക്ഷേപ പ്രവൃത്തികൾക്ക് ഏജൻസികളിൽ നിക്ഷേപിച്ച തുക – കണക്കുകളിലും രജിസ്റ്ററിലും അപാകതകൾ | 1-34 |
| 51 | തൊഴിലുറപ്പ് ഭരണ ചെലവിന് മുൻകൂർ നൽകിയത് ഫണ്ട് ലഭ്യമായിട്ടും ക്രമീകരിച്ചില്ല | 1-35 |
| 52 | വാട്ടർ ചാർജ് -ഭീമമായ തുക അടവാക്കുന്നു | 1-36 |
| 53 | വിവിധ നിക്ഷേപപ്രവൃത്തികൾ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-37 |
| 54 | ഹരിത കർമ്മസേന പ്രവർത്തനങ്ങൾ കൃത്യമായി നിരീക്ഷിക്കേണ്ടതാണ് | 1-38 |
| 55 | ഓണം അഡ്വാൻസ്-തിരികെ ഈടാക്കിയിട്ടില്ല | 1-39 |
| 56 | ടേക്ക് എ ബ്രേക്ക് -പ്രവർത്തനസജ്ജമാക്കിയിട്ടില്ല | 1-40 |
| 57 | R ട്രാക്ക് റോഡ് മാപ്പിങ്ങ് -പൂർത്തിയായില്ല | 1-41 |
| 58 | ഗ്യാസ് ക്രിമറ്റോറിയം - തുടർനടപടികൾ സ്വീകരിച്ചിട്ടില്ല | 1-42 |
| 59 | കാലി ബാരൽ വില -കുറവ് ഈടാക്കി - ഈടാക്കിയ തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നു | 1-43 |
| 60 | പി.എച്ച്.സി.-യിൽ ഡീസൽ ജനറേറ്റർ സ്ഥാപിക്കൽ-പ്രോജക്ട് പൂർത്തിയായില്ല | 1-44 |
| 61 | പായിപ്പാട് കുടുംബാരോഗ്യ കേന്ദ്രത്തിന് മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു | 1-45 |
| 62 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായില്ല | 1-46 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 21/07/2023 തീയതിയിലെ 1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 22/07/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-1 ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ (OBRP Data) സൂക്ഷിച്ചിട്ടില്ല.

1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് ക്യാരി ഓവർ വിഹിതം 2,016,956/- രൂപ വിനിയോഗിച്ച് നിർവ്വഹിച്ച ടേക്ക് എ ബ്രേക്ക് ഉൾപ്പടെയുള്ള സുസ്ഥിര ആസ്തി പ്രോജക്ടുകളുടെ ഫണ്ട് ചെലവ് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി അക്കൗണ്ട് ചെയ്തിട്ടില്ല.

1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

1-1-4 തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല

2022-23 വർഷം ആസ്തികൾ സൃഷ്ടിക്കുന്ന പ്രോജക്ട് ചെലവ് എല്ലാം സുസ്ഥിര ആസ്തി ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടോ എന്ന് വ്യക്തമാക്കുന്ന ആധികാരികമായ ഓരോ ഫണ്ടുകളുടെയും /ഗ്രാന്റുകളുടെയും ക്യാപ്പിറ്റൽ-റവന്യൂ വേർതിരിച്ച് ചെലവ് വിവരം സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ മൂല്യം 31/03/2023 ബാലൻസ് ഉൾപ്പെട്ടോ എന്നതിന് വ്യക്തതയില്ല.

1-1-5 Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല

Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കപ്പെടുന്നതുമായ പാർട്ട് ബില്ലുകളുടെ വിശദാംശവും ആധികാരികതയും ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

1-1-6 ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശമില്ല

2022-23 ആസ്തികളുടെ മൂല്യശോഷണമായി അക്കൗണ്ട് ചെയ്യപ്പെട്ട 13.91 ലക്ഷം രൂപയുടെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ സെക്രട്ടറി വ്യക്തമാക്കിയിട്ടില്ല.

1-1-7 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. Government/Other ഡ്യൂസ് രജിസ്റ്റർ രജിസ്റ്റർ സൂക്ഷിച്ച് വിവിധ ഏജൻസികളിലേക്കുള്ള തുക ഒടുക്കലുകൾ കൃത്യമായി നിരീക്ഷിക്കേണ്ടതാണ്.

1-1-8 അക്രുവൽ വരവുകളുടെ ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

അക്രുവൽ വരവുകളായ കെട്ടിട വാടക, തൊഴിൽ നികുതി(സ്ഥാപനം, ട്രേഡർ, ലൈസൻസ്) എന്നിവയുടെ ഡിമാന്റ് രജിസ്റ്ററിലെ വിവരങ്ങൾ ക്രോഡീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ടി വരവുകളുടെ ഡി.സി.ബി., ഡി.സി.ബി. സംക്ഷിപ്തം എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-1-9 തൊഴിൽ നികുതി അക്രുവൽ എൻട്രി-വരവ് എന്നിവ കൃത്യമായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യുന്നില്ല

ട്രേഡർ, സ്ഥാപനം എന്നിവയുടെ തൊഴിൽ നികുതി കൃത്യമായ അക്രുവൽ ആസ്തി ശീർഷകങ്ങളിൽ ഡിമാന്റ് അക്കൗണ്ട് ചെയ്ത് നികുതി ഒടുക്ക് അക്കൗണ്ട് ചെയ്തിട്ടില്ല. ട്രേഡർ, സ്ഥാപനം, പ്രൊഫഷണൽ എന്നിങ്ങനെ ക്രമരഹിതമായി നികുതി ഒടുക്ക് അക്കൗണ്ട് ചെയ്തിരിക്കുന്നു.

### 1-1-10 Bidders Security Deposit മുന്നിരിപ്പിന്റെ വിശദാംശമില്ല

പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച നിക്ഷേപമായ 340100203-Bidders Security Deposit ശീർഷകത്തിലെ 151,500/- രൂപ ഒടുക്കിയവരുടെ വിശദാംശം ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ടി ശീർഷകത്തിൽ മുൻ വർഷം നടത്തിയ വാഹന ലേലത്തിലെ 20,000/- രൂപയുൾപ്പെടെ ക്രമീകരിക്കാനുള്ളതായി ബന്ധപ്പെട്ട ഫയലിൽ സൂചിപ്പിച്ചിട്ടുണ്ട്. മുന്നിരിപ്പ് വിശദാംശത്തിന്റെ അഭാവത്തിൽ ടി ശീർഷകത്തിലെ ബാധ്യതയുടെ ആധികാരികത വ്യക്തമല്ല.

### 1-1-11 Advance Register-ൽ മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്തിട്ടില്ല

- വാർഷിക കണക്കുകളിൽ വിവിധ ഏജൻസികളിലെ നിക്ഷേപത്തിന്റെ ആധികാരികത വ്യക്തമാക്കേണ്ട അടിസ്ഥാന രജിസ്റ്ററായ Advance Register-ൽ മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്തിട്ടില്ല. മുൻവർഷങ്ങളിലേതും തൻവർഷത്തേതുമായ വിവിധ ഏജൻസികൾക്ക് നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക നിക്ഷേപ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യപ്പെടാത്തതിനാൽ 31/03/2023 ലെ ബാലൻസ് ഷീറ്റിൽ ഏജൻസികളിലെ നിക്ഷേപങ്ങൾ പ്രതിഫലിച്ചിട്ടില്ല.
- Advance To Others ശീർഷകത്തിലെ 229,209/- രൂപ ആർക്കാണ് നൽകിയതെന്ന് അഡ്വാൻസ് രജിസ്റ്ററിൽ വിശദാംശമില്ല.
- കിലയിൽ നൽകിയ മുൻകൂർ 21,450/- രൂപ Other Advance ആയിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. മുൻകൂറുകൾ ILGMS-ൽ ലഭ്യമായ കൃത്യമായ പേരോടു കൂടിയ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.

### 1-1-12 റിഡംപ്ഷൻ തുക അക്കൗണ്ട് ചെയ്തതിൽ അപാകത

സർക്കാർ റിക്കവർ ചെയ്ത തിരിച്ച് ലഭിക്കാത്ത തുകയുൾപ്പെടെ റിഡംപ്ഷനായി അക്കൗണ്ട് ചെയ്തിരിക്കുന്നു. റിഡംപ്ഷൻ ശീർഷകത്തിൽ 31.03.2023ൽ അവശേഷിക്കുന്ന 31,201,588/- രൂപയിൽ തൻവർഷ റിഡംപ്ഷൻ ചെലവ് 30,065,454/- രൂപയാണ്. സർക്കാർ 2021-22 വർഷം തിരികെ റിക്കവർ ചെയ്ത 1,136,134/- രൂപ ഉൾപ്പെടെയാണ് 31/03/2023 ലെ ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നത്. തിരികെ ലഭിക്കാത്ത തുക റിഡംപ്ഷൻ ശീർഷകത്തിൽ നിന്നും ചെലവായി ക്രമീകരിക്കേണ്ടതാണ്.

### 1-1-13 തൊഴിലുറപ്പിന് മുൻകൂർ നൽകുന്നത് നേരിട്ട് ചെലവായി അക്കൗണ്ട് ചെയ്യുന്നില്ല

തൊഴിലുറപ്പിന് മുൻകൂർ നൽകുന്നത് 460500801 ശീർഷകത്തിൽ ചെലവായി അക്കൗണ്ട് ചെയ്യുന്നില്ല. ക്രമീകരിക്കൽ വരവായും അക്കൗണ്ട് ചെയ്യുന്നില്ല. മുൻകൂർ വരവ്-ചെലവ് ജേർണൽ വൗച്ചറിലൂടെയാണ് അക്കൗണ്ട് ചെയ്യുന്നത്. മുൻകൂറുകൾ നൽകുന്നത് ചെലവായി അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.

### 1-1-14 ചെലവ് ശീർഷകത്തിൽ വരവ് അക്കൗണ്ട് ചെയ്തു

Registration Of Vehcles എന്ന റവന്യൂ ചെലവ് ശീർഷകത്തിൽ 3,000/- രൂപയുടെ വരവ് അക്കൗണ്ട് ചെയ്തു. ആയതിനാൽ ടി തുക നെഗറ്റീവായി ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ I-11 ഷെഡ്യൂളിൽ പ്രതിഫലിക്കുന്നു.

## 1-1-15 ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രൂവൽ ചെയ്യുന്നില്ല

ILGMS സോഫ്റ്റ്വെയർ ആരംഭിച്ചതിനു ശേഷം പഞ്ചായത്ത് ഫണ്ടിൽ നിന്ന് നേരിട്ട് നടത്തുന്ന ചെലവുകൾ(ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പിൻവലിക്കലുകൾ) അക്രൂവൽ ആയിട്ടാണ് അക്കൗണ്ട് ചെയ്യുന്നത്. 2022-23 വർഷത്തെ കണ്ടിജന്റ് ചെലവുകൾ എല്ലാം 350109999-Amount Payable To Other Creditors എന്ന ശീർഷകത്തിലേക്ക് അക്രൂവലായി അക്കൗണ്ട് ചെയ്ത ശേഷമാണ് ചെലവ് ചെയ്തിരിക്കുന്നത്. തൻവർഷം 2.22 കോടി രൂപ ടി ശീർഷകത്തിലേക്ക് അക്രൂവൽ ചെയ്യുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ഇനം തിരിച്ച് തന്നെ ബാധ്യത ശീർഷകങ്ങൾ ലഭ്യമായിരുന്നിട്ടും മേൽപറഞ്ഞ ഒരു ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്.

| ശീർഷകം | കണക്ക് ശീർഷകത്തിന്റെ പേര് |
|---|---|
| 350100101 | Amount Payable To Suppliers |
| 350100201 | Amount Payable To Contractors |
| 350100301 | Amount Payable To Conveners |
| 350100401 | Amount Payable To Professionals |
| 350100501 | Amount Payable To Elected Representatives |
| 350100901 | Amount Payable To KSEB |
| 350100902 | Amount Payable To Telephone Charge |
| 350100903 | Amount Payable To KWA |

ഉദാഹരണമായി പഞ്ചായത്ത് ഭരണസമിതി മെമ്പർമാർക്കുള്ള ഓണറേറിയം 350100501 ശീർഷകത്തിലേക്ക് അക്രൂവൽ ചെയ്യേണ്ടതായിരുന്നു. വൈദ്യുതി ചാർജ് 350100901 ശീർഷകത്തിലേക്ക് അക്രൂവൽ ചെയ്തായിരുന്നു ചെലവഴിക്കേണ്ടത്. ചെലവുകൾ അക്രൂവൽ ചെയ്യുന്നതിലെ അപാകത 2023-24 വർഷം പരിഹരിക്കേണ്ടതാണ്. ഈ വിഷയത്തിൽ IKM-ന്റെ സഹായത്തോടെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-16 21,000/- രൂപയുടെ ഗുണഭോക്തൃ വിഹിതം ചെലവ് വാർഷിക കണക്കുകളിൽ അക്കൗണ്ട് ചെയ്തില്ല

ഗുണഭോക്തൃ വിഹിതം തൻവർഷം ചെലവഴിച്ച 8.44 ലക്ഷം രൂപയിൽ 8.23 ലക്ഷം രൂപയുടെ ചെലവ് മാത്രമാണ് വാർഷിക കണക്കിൽ ഗുണഭോക്തൃ വിഹിതം ബാധ്യത ഒഴിവാക്കപ്പെട്ടത്. 21,000/- രൂപയുടെ 118/23 നം. പ്രോജക്ടിലെ ഗുണഭോക്തൃ വിഹിതം ചെലവ് തുക ജേർണൽ വൗച്ചർ മുഖേന അക്കൗണ്ട് ചെയ്ത് വാർഷിക കണക്കുകളിൽ ഗുണഭോക്തൃ വിഹിതം ബാധ്യതയിൽ നിന്നും കുറവ് ചെയ്തിട്ടില്ല.

## 1-2 ബജറ്റ്-വിശകലനം

2022-23 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 25/03/2022 ലെ 1/1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 23/02/2023 ലെ 4/1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 14,891,538/- | 14,891,538/- |
| വരവ് | 143,093,500/- | 143,093,500/- |
| ആകെ | 157,985,038/- | 157,985,038/- |
| ചെലവ് | 149,335,000/- | 149,335,000/- |
| നീക്കിയിരിപ്പ് | 8,650,038/- | 8,650,038/- |

ബജറ്റ് പ്രകാരം 14.31 കോടി രൂപ വരവും 14.93 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2022-23

വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 12.42 കോടി രൂപയും ചെലവ് 12.26 കോടി രൂപയുമാണുള്ളത്.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുന്നത് മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് മേഖലാടിസ്ഥാനത്തിലുള്ള വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഇപ്രകാരമുള്ള ഉപ-ശീർഷകങ്ങളായി(Sub-Head) അലോട്ട്മെന്റുകൾ കൂടി കണക്കാക്കി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ റസീറ്റ് & പേമെന്റ് ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

റസീറ്റ് & പേമെന്റ് പത്രിക 2022-23

| | |
|---|---|
| മുന്നിരിപ്പ് (01/04/2022) | 17,534,952/- |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 60,975,307/- |
| ആകെ | 78,510,259/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 62,090,192/- |
| നീക്കിയിരിപ്പ് (31/03/2023) | 16,420,067/- |

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2022-23

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം(Income) | 124,190,531/- |
| ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure) | 122,607,776/- |
| പ്രവർത്തന മിച്ചം(Gross Surplus) | 1,582,755/- |
| ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | -(540,206) |
| അറ്റ പ്രവർത്തനമിച്ചം(Net Surplus) | 1,042,549/- |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,966,817/- |

## 1-4 ഗ്രാന്റ് വിനിയോഗം

പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളത് പട്ടികയിൽ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 16,572,000/- (165,720/-) | 16,406,280/- | 15,419,755/- | 986,525/- | 93.99 |
| വികസന | 0 | 7,895,000/- | 7,895,000/- | 5,884,584/- | 2,010,416/- | 74.54 |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ട്-SCSP | | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 330,242/- | 3,712,024/- | 4,042,266/- | 2,968,971/- | 1,073,295/- | 73.45 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 1,716,568/- | 6,664,807/- | 8,381,375/- | 6,496,117/- | 1,885,258/- | 77.51 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 10,243,000/- | 10,243,000/- | 7,748,176/- | 2,494,824/- | 75.64 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 5,654,000/- | 5,654,000/- | 3,286,949/- | 2,367,051/- | 58.14 |
| Flood Rlief Grant | 300,000/- | 0 | 300,000/- | 0 | 300,000/- | - |
| ICDS ഫണ്ട് | 405,886/- | 1,194,600/- | 1,600,486/- | 394,086/- | 1,206,400/- | - |
| സാക്ഷരത ഫണ്ട് | 27,328/- | 0 | 27,328/- | 0 | 27,328/- | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1,308,231/- | 84,000/- | 1,392,231/- | 345,351/- | 1,046,880/- | - |
| Health Grant-1 | 0 | 210,796/- | 210,796/- | 198,922/- | 11,874/- | - |
| Health Grant-2 | 0 | 81,142/- | 81,142/- | 0 | 81,142/- | - |
| ഖരമാലിന്യ സംസ്കരണ ഫണ്ട് | 431,706/- | 0 | 431,706/- | 0 | 431,706/- | - |
| ധനകാര്യ സ്ഥാപനം നൽകിയ ഫണ്ട് | 24,984/- | 0 | 24,984/- | 0 | 24,984/- | - |
| ഗുണഭോക്തൃ വിഹിതം | 11,318/- | 844,000/- | 855,318/- | 844,000/- | 11,318/- | - |
| LIFE State Share | 0 | 800,000/- | 800,000/- | 0 | 800,000/- | - |
| ബ്ലോക്ക് വിഹിതം (C) | 400,000/- | 0 | 400,000/- | 0 | 400,000/- | - |
| ബ്ലോക്ക് വിഹിതം (R) | 179,578/- | 0 | 179,578/- | 0 | 179,578/- | - |
| Block Specific Fund | 88,450/- | 0 | 88,450/- | 0 | 88,450/- | - |

നികുതി കുടിശിക കൃത്യമായി പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ 18/10/2022 ലെ സ.ഉ.(കൈ) നം.179/2022/ധന നിർദ്ദേശ പ്രകാരം വികസന ഫണ്ടിന്റെ 1% തുക 165,720/- സ്രോതസ്സിൽ കുറവ് ചെയ്തു. ധനകാര്യ കമ്മീഷൻ-Untied ന്റെ 2,968,971/- രൂപ ചെലവിൽ 506/- രൂപ ബാങ്ക് ചാർജും ഉൾപ്പെടുന്നു.

ധനകാര്യ കമ്മീഷൻ-Tied ന്റെ 6,496,117/- രൂപ ചെലവിൽ മുൻവർഷത്തെ 182,099/- രൂപ ചെലവും ഉൾപ്പെടുന്നു. തൻവർഷ ചെലവ് 6,314,018/- രൂപയാണ്.

വികസന ഫണ്ടിൽ നിന്ന് KURDFC വായ്പ തിരിച്ചടവിനും അംഗൻവാടി ഹോണറേറിയത്തിനും സ്രോതസ്സിൽ കുറവ് ചെയ്തതിന്റെയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ 23/06/2022 ലെ G.O.(Rt) No.4585/2022/Fin പ്രകാരം ട്രഷറിയിൽ ലഭിച്ച അധിക അലോട്ട്മെന്റിന്റെയും വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് - ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | അധിക/ ക്യാരി ഓവർ അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഒ. പ്രോജക്റ്റ്) | ആകെ അറ്റ അലോട്ട്മെന്റ് |
|---|---|---|---|---|---|
| വികസന ഫണ്ട്-General | 16,572,000/- | (165,720/-) 1% കുറവ് ചെയ്തത് | 16,406,280/- | 215/23-394,200/-<br>216/23-394,200/-<br>220/23-394,200/-<br>218/23-399,390/-<br>221/23-399,390/-<br>ആകെ-1,981,380/- | 14,424,900/- |
| വികസന ഫണ്ട്-SCSP | 7,895,000/- | ഇല്ല | 7,895,000/- | 217/23-91,390/-<br>222/23-91,390/-<br>ആകെ-182,780/- | 7,712,220/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Untied | 2,882,000/- | 699,272/- പലിശ-130,752/- | 3,712,024/- | ഇല്ല | 3,712,024/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Tied | 4,322,000/- | 2,342,807/- | 6,664,807/- | ഇല്ല | 6,664,807/- |

ആകെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ചെലവഴിക്കാതെയുള്ള തുക 2,958,553/- രൂപയിൽ 2,309,830/- രൂപ ബാങ്കിൽ (SBI Account No.40086810337) നീക്കിയിരിപ്പായി അവശേഷിക്കുന്നു. ക്യാരി ഓവർ വിഹിതം ട്രഷറി അലോട്ട്മെന്റായി ലഭിച്ച 3,042,079/- രൂപയിൽ (Untied-699,272/-, Tied-2,342,807/-) ചെലവഴിക്കാത്ത 648,723/- രൂപയാണ് (Untied-322,872/-, Tied-325,851/-) പഞ്ചായത്തിന് ലാപ്സായത്. വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.
2. ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ ഉൾപ്പെടുന്ന 2022-23 വർഷത്തെ പ്രസ്തുത ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ 130,752/- രൂപ വരവായി ACR, Grant Statement എന്നിവയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ ACR/Grant Statement-ലെ അലോട്ട്മെന്റിൽ ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.
3. ഗുണഭോക്തൃ വിഹിതമിനത്തിൽ 11,318/- രൂപ മുന്നിരിപ്പിന്റെ വിശദാംശമില്ല. ഏത് പ്രോജക്ടുകൾക്ക് ലഭിച്ച വിഹിതമാണ് എന്ന് എ.സി.ആറിൽ ചേർത്തിട്ടില്ല.
4. ചെലവ് പത്രികയിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ട് പ്രോജക്റ്റ് നം.6/23 ന്റെ ചെലവിൽ 373/31-03-2023 ബിൽ പ്രകാരമുള്ള 4,000/- രൂപയുടെ ചെലവ് ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ചെലവ് പത്രികയിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ചെലവ് 4,000/- രൂപ കുറവായി പ്രതിഫലിക്കുന്നു.

5. ACR പ്രകാരം 243/21-02-2023 ബിൽ ചെലവ് 15,600/- രൂപ 2021-22 വർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ചെലവഴിച്ചതാണ്. തൻവർഷം പ്രസ്തുത ചെലവില്ല. ആയതിനാൽ ACR-ൽ 15,600/- രൂപ അധികം ചെലവായി പ്രതിഫലിക്കുന്നു.
6. നിർമ്മൽ പുരസ്കാരമിനത്തിൽ 2.4 ലക്ഷം രൂപയാണ് 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം ബാധ്യത. എന്നാൽ ടി ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിൽ 19,069/- രൂപ മാത്രമാണ് നീക്കിയിരിപ്പ്. ടി ഫണ്ടിന്റെ 31/03/2023 ബാലൻസ് ഷീറ്റിലെ B-4 ഷെഡ്യൂൾ നീക്കിയിരിപ്പിന്റെ ആധികാരികത വ്യക്തമല്ല.
7. ഹെൽത്ത് ഗ്രാന്റ് ചെലവ് പ്രോജക്റ്റ് നം.175/23 പ്രകാരം 198,922/- രൂപ കേന്ദ്രാവിഷ്കൃത ഫണ്ടായി സുലേഖ ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല. ആകെ പ്രോജക്റ്റ് ചെലവിൽ ടി ഫണ്ട് ചെലവ് ഉൾപ്പെട്ടിട്ടുണ്ട്.
8. Block Specific Fund മുന്നിരിപ്പ് 88,450/- രൂപയിൽ 20,050/- രൂപ ഏത് പ്രോജക്റ്റിന് ലഭിച്ചതാണ് എന്ന് എ.സി.ആറിൽ വിശദാംശം ചേർത്തിട്ടില്ല.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ്/ക്രമീകരണങ്ങളിലും മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി അവലോകനം

പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 14-ാം പഞ്ചവത്സരപദ്ധതിയിലെ (2022-27) ആദ്യ വാർഷികപദ്ധതിയ്ക്ക് (2022-23) 23-02-2023ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 2(4)-ാം നമ്പർ തീരുമാനപ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണസമിതിയുടെ 06-03-2023ലെ 82898/22 /DPC/DPO/KTM നമ്പർ ഉത്തരവു പ്രകാരം ഭേദഗതി നിർദ്ദേശങ്ങളോടെ വാർഷികപദ്ധതിയ്ക്ക് അന്തിമ അംഗീകാരം ലഭിച്ചു. വാർഷികപദ്ധതിയിൽ 48 സ്പിൽഓവർ പ്രോജക്ടുകളും 123 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 171 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 188,962,945/- രൂപയാണ്. വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭനടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസനസെമിനാർ എന്നിവ നിശ്ചിതസമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 31-12-2021 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 23-05-2022 |
| ഗ്രാമസഭ | 25-05-2022 മുതൽ 30-5-22 |
| വികസനസെമിനാർ | 09-06-2022 |
| പദ്ധതി അന്തിമമാക്കൽ- ജനറൽ കമ്മറ്റി അംഗീകാരം | 23-02-2023 |

### പദ്ധതിനിർവ്വഹണം

അംഗീകാരം ലഭിച്ച 171 പ്രോജക്ടുകളിൽ 147 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നായി വാർഷികപദ്ധതിയുടെ ആകെ ചെലവ് 51,258,382/- രൂപയാണ്. ചെലവ് 27%. സംസ്ഥാനാവിഷ്കൃത ഫണ്ട് 2.50 കോടിയിലധികം വകയിരുത്തി വിഇഒ പ്രോജക്റ്റ് തയ്യാറാക്കിയിരുന്നുവെങ്കിലും തുകയൊന്നും തൻവർഷം ചെലവഴിച്ചില്ല. ആയതും ആകെ ചെലവിൽ കുറവ് വരുത്തി. മേല്പറഞ്ഞ വസ്തുതകൾ ഭരണസമിതിയുടെയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും

സമഗ്രവിചിന്തനത്തിന് വിധേയമാക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

പദ്ധതി നിർവ്വഹണചുമതല 13 നിർവ്വഹണോദ്യോഗസ്ഥർക്കായി വിഭജിച്ചുനൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം/ നടപ്പാക്കിയവ | വകയിരുത്തിയ തുക | ചെലവ് തുക | ചെലവ് % |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 3/3 | 4,348,000/- | 2,296,962/- | 52.82 |
| 2 | വെറ്ററിനറി സർജൻ | 8/7 | 2,210,102/- | 2,201,268/- | 99.60 |
| 3 | മെഡിക്കൽ ഓഫീസർ (FHC) | 13/10 | 4,428,161/- | 3,232,782/- | 73.01 |
| 4 | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1/1 | 100,000/- | 100,000/- | 100 |
| 5 | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 2/2 | 347,600/- | 345,600/- | 99.42 |
| 6 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2/0 | 460,000/- | - | - |
| 7 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23/19 | 122,119,475/- | 6,412,325/- | 5.25 |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13/12 | 7,426,430/- | 5,818,567/- | 78.35 |
| 9 | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 39/33 | 16,585,647/- | 9,789,273/- | 59.02 |
| 10 | അസിസ്റ്റന്റ് എൻജിനീയർ(LI & EW) | 59/52 | 28,130,775/- | 18,665,588/- | 66.35 |
| 11 | ഹെഡ്മാസ്റ്റർ | 2/2 | 350,000/- | 329,800/- | 94.23 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2/2 | 1,189,255/- | 826,170/- | 69.47 |
| 13 | അസിസ്റ്റന്റ് സെക്രട്ടറി | 4/4 | 1,267,500/- | 1,240,047/- | 97.83 |
| | ആകെ | 171/ 147 | 188,962,945 | 51,258,382/- | 27.12 |

വാർഷികപദ്ധതി വിലയിരുത്തൽ

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർക്ക് 5.5% തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് വൻതുകകൾ ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ലോൺ, സംസ്ഥാനാവിഷ്കൃത ഫണ്ട് തുകകളായി വകയിരുത്തിയിരുന്നുവെങ്കിലും തൻവർഷം ചെലവഴിച്ചിരുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന് വിഹിതം കൈമാറുന്ന പിഎംഎവൈ അധികവിഹിതം പ്രൊജക്റ്റിനായി ബ്ലോക്ക്, കേന്ദ്രാവിഷ്കൃത വിഹിതം എന്നിവയ്ക്ക് തുക വകയിരുത്തേണ്ട ആവശ്യമില്ലാത്തതാണ്. മേൽപറഞ്ഞ കാരണങ്ങളെല്ലാം തന്നെ ആകെ ചെലവ് ശതമാനം കുറയുന്നതിന് ഇടയാക്കി. ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണോദ്യോഗസ്ഥനായി തയ്യാറാക്കിയ 2 പ്രോജക്റ്റുകൾ തൻവർഷം നടപ്പാക്കിയില്ല. ഇതും ആകെ ചെലവിനെ സാരമായി ബാധിച്ചു.

സഞ്ചിതനിധിയിലേയ്ക്ക് 78 ലക്ഷത്തിലധികം രൂപ തിരികെ എടുക്കപ്പെട്ടു

പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ

ഗ്രാമപഞ്ചായത്തിന് സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 986,525/- |
| വികസന ഫണ്ട്-SCSP | 2,010,416/- |
| മെയിന്റനൻസ്ഗ്രാന്റ്-Road | 2,494,824/- |
| മെയിന്റനൻസ്ഗ്രാന്റ്-Non Road | 2,367,051/- |
| ആകെ | 78,58,816/- |

മോണിറ്ററിംഗ്

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷം 100 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 16 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 440 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 178 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 151 പ്രവൃത്തികൾ പൂർത്തീകരിച്ചു. 48053 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 206 അയൽക്കൂട്ടങ്ങളിൽ 159 എണ്ണവും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 925 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി, കയർഭൂവസ്ത്രം വിരിക്കൽ, കാലിത്തൊഴുത്ത്, ആട്ടിൻകൂട് തുടങ്ങിയ വ്യക്തിഗത നിർമ്മാണ പ്രവൃത്തികളും പഞ്ചായത്തിന്റെ ആസ്തിയായ ഒരു റോഡ് കോൺക്രീറ്റിങ്ങ് പ്രവൃത്തിയും ചെയ്തിട്ടുണ്ട്. കാഷ് ബുക്ക് പ്രകാരമുള്ള 2022-23 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| മുന്നിരിപ്പ് (01/04/2022) | 1,275/- | Skilled Labour(DBT) | 1,000,785/- |
| അഡ്മിനിസ്ട്രേറ്റീവ് വരവ് | 1,129,289/- | Unskilled Labour(DBT) | 14,973,211/- |
| പലിശ വരവ് | 2,951/- | Material(DBT) | 5,441,698/- |
| ആകെ നേരിട്ടുള്ള വരവ് | 1,132,240/- | ആകെ DBT ചെലവ് | 21,415,694/- |
| Skilled Labour | 1,000,785/- | ശമ്പളം | 1,361,587/- |
| Unskilled Labour | 14,973,211/- | പ്രിന്റിങ്ങ് & സ്റ്റേഷനറി | 38,551/- |
| Material | 5,441,698/- | ആകെ നേരിട്ടുള്ള ചെലവ് | 1,400,138/- |
| ആകെ DBT വരവ് | 21,415,694/- | തനത് ഫണ്ടിലേക്ക് മുൻകൂർ തിരിച്ചടവ് | 459,813/- |

| | | | |
|---|---|---|---|
| പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് മുൻകൂർ | 1,400,138/- | നീക്കിയിരിപ്പ്(31/03/2023) | 673,702/- |
| ആകെ | 23,949,347/- | ആകെ | 23,949,347/- |

Skilled/Unskilled Labour, Material Cost എന്നിവ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ടാണ് നൽകുന്നത് (Direct Beneficiary Transfer-DBT). തൻവർഷ ലേബർ ബജറ്റ് പ്രകാരമുള്ള പദ്ധതി ചെലവ് മുഴുവനും (2.14 കോടി രൂപ) റവന്യൂ ചെലവായിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. റോഡ് കോൺക്രീറ്റിങ്ങ് പഞ്ചായത്തിന്റെ സുസ്ഥിര ആസ്തിവികസന പ്രവൃത്തിയായ അയിത്തമുണ്ടകം SNDP ലിങ്ക് റോഡ് ക്രോൺക്രീറ്റിങ്ങ്(വാർഡ്-5) ചെലവ് തുക 310,106/- രൂപ സുസ്ഥിര ആസ്തിയായി അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു. തൊഴിലുറപ്പ് ഫണ്ട് ചെലവ് ആസ്തി-റവന്യൂ തിരിച്ച് കൃത്യമാക്കി അക്കൗണ്ടിങ്ങ് അപാകത പരിഹരിക്കേണ്ടതാണ്.

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2022-23 വർഷം പായിപ്പാട് ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ഇല്ല | - |
| വാർദ്ധക്യകാലപെൻഷൻ | 19,936,300/- | 1983 |
| കർഷകതൊഴിലാളി പെൻഷൻ | 6,769,400/- | 675 |
| വിധവാപെൻഷൻ | 8,650,300/- | 852 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 307,200/- | 31 |
| വികലാംഗപെൻഷൻ | 3,124,600/- | 300 |
| വിവാഹ ധനസഹായം | 90,000/- | 3 |

## 1-8 കാഷ് ബാലൻസിന്റ പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2022-23 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി പായിപ്പാട് ഗ്രാമപഞ്ചായത്തിൽ ഹെഡ് ക്ലാർക്ക്, അക്കൗണ്ടന്റ്, ഫ്രണ്ട് ഓഫീസ് ക്യാഷ്യർ എന്നീ ജീവനക്കാരുടെ സാന്നിധ്യത്തിൽ 20/09/2023 തീയതിയിൽ 03:00 PM സമയത്ത് നടത്തുകയുണ്ടായി. പരിശോധനയിൽ 124,599/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു. പഞ്ചായത്തിന്റെ ക്യാഷ് ബുക്കിൽ 5,000/- രൂപ ക്രെഡിറ്റ് ബാലൻസായി നിലനിൽക്കുന്നതിനാൽ ക്യാഷ് ബാലൻസ് 5,000/- രൂപ കുറവായിട്ടാണ് പ്രതിഫലിക്കുന്നത്. 10/07/2023 ൽ Penalties And Fines ആയി സ്വീകരിച്ച Out Door Collection തുക ക്യാഷ് ബുക്കിൽ എൻട്രി വരാത്തതിനാലാണ് 5,000/- രൂപ Cash ശീർഷകത്തിൽ ക്രെഡിറ്റ് ബാലൻസ് കാണിക്കുന്നത്. പഞ്ചായത്ത് ഈ വിഷയത്തിലെ അപാകത IKM-ൽ രജിസ്റ്റർ ചെയ്ത പരാതിയുടെ അടിസ്ഥാനത്തിൽ പരിഹരിച്ച ശേഷം വിവരം ഓഡിറ്റിനെ പ്രഥമ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ട്. ഓഫീസ് ഓർഡർ

പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. ചെലവ് വൗച്ചറുകളും അനുബന്ധ രേഖകളുടെയും സൂക്ഷിപ്പ് പൊതുവിൽ തൃപ്തികരമാണെങ്കിലും ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ സർക്കാരിലേക്ക് ഒടുക്കാനുള്ള വിവിധ തുകകളുടെ വിനിമയം സൂചിപ്പിക്കുന്ന രജിസ്റ്റർ എന്നിവ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. പർച്ചേസുമായി ബന്ധപ്പെട്ട് വാർഷിക സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെയും, വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പേര്, മേൽവിലാസം എന്നിവ രേഖപ്പെടുത്തിയ മാസ്റ്റർ ഇംകുമ്പൻസി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. ഓഡിറ്റ് വർഷം ഒരു തവണ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പ് യോഗനടപടികൾ ശരിയായ രീതിയിൽ മിനിട്സ് ചെയ്യപ്പെട്ടിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയോ പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടത്തുകയോ ചെയ്തിട്ടില്ല. രജിസ്റ്ററുകളുടെയും രേഖകളുടെയും പരിപാലനം കൃത്യമാക്കുന്നതിനും, ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03/06/2022 | 07/2021 – 12/2021 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02/03/2016-18/03/2016 | 2010-11 മുതൽ 2014-15 വരെ | LBA(HQ)II/8A-2418 തീയതി-10/05/2016 |

## 1-11 27.64 ലക്ഷം രൂപയുടെ ജനറൽ ഫണ്ട് 2022-23 വാർഷിക കണക്കിൽ ഒഴിവാക്കി

01/04/2022 പ്രാബല്യത്തിൽ ILGMS ആരംഭിച്ചപ്പോൾ പഞ്ചായത്തിന്റെ ആസ്തി-ബാധ്യത മൂല്യവും ജനറൽ ഫണ്ടും സാംഖ്യ പ്രകാരമുണ്ടായിരുന്നത് ILGMS ലേക്ക് ക്യാരി ഓവർ ചെയ്ത ഓപ്പണിങ്ങ് ബാലൻസ് ഷീറ്റിൽ ജനറൽ ഫണ്ട് 2,764,227/- രൂപ കുറവായിട്ടാണ് അക്കൗണ്ട് ചെയ്തത്. സാംഖ്യ 31/03/2022 ബാലൻസ് ഷീറ്റ് പ്രകാരം 2,916,932/- രൂപയായിരുന്ന ജനറൽ ഫണ്ട്(310100101). എന്നാൽ ILGMS ലെ 01/04/2022 ലെ ഓപ്പണിങ്ങ് ബാലൻസ് ഷീറ്റിൽ ജനറൽ ഫണ്ട് 152,705/- രൂപ മാത്രമാണുള്ളത്. ജനറൽ ഫണ്ടിൽ 2,764,227/- രൂപ ഒഴിവാക്കിയതിനാൽ ആകെ ആസ്തിമൂല്യത്തിലും ടി വ്യത്യാസം പ്രതിഫലിക്കുന്നു. സാംഖ്യയിൽ 31/03/2022 ൽ ആകെ ആസ്തിമൂല്യം 7.69 കോടി ആയിരുന്നത് 01/04/2022 ഓപ്പണിങ്ങിൽ 7.42 കോടിയായി കുറവ് ചെയ്തിരിക്കുന്നു. ജനറൽ ഫണ്ടിലും ആസ്തിമൂല്യത്തിലും 27.64 ലക്ഷം രൂപയുടെ കുറവ് വരുത്തിയതിനാൽ ക്രമീകരിച്ച ശീർഷകങ്ങളുടെ അക്കൗണ്ടിങ്ങ് തുടർച്ചയും നഷ്ടപ്പെട്ടിരിക്കുന്നു. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.8/2022-23/25.09.2023) നൽകിയതിന് മറുപടി ലഭ്യമാക്കി.
ജനറൽ ഫണ്ട് മുന്നിരിപ്പ് കൃത്യമായി അക്കൗണ്ട് ചെയ്തതാണ് എന്നും ആയത് ധനകാര്യ പത്രികയിൽ ഉൾപ്പെടാതിരുന്നത് സാങ്കേതിക പിഴവാണ് എന്നുമാണ് മറുപടി നല്കിയത്. ജനറൽ ഫണ്ട് ഒഴിവാക്കപ്പെട്ട തുകയ്ക്ക് തുല്യമായ തുക ഫർണിച്ചർ ആസ്തിയിലും വ്യത്യാസപ്പെട്ടതായി മറുപടിയിൽ അറിയിച്ചു. അപാകത

IKM ന്റെ സഹായത്തോടെ പരിഹരിച്ച് ജനറൽ ഫണ്ടും ഫർണിച്ചർ ആസ്തിയും കൃത്യമാക്കേണ്ടതാണ്. പരിഹാര നടപടികൾ പൂർത്തിയായ ശേഷം വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 ഓൺലൈൻ രസീത് വരവുകൾ - IKM ൽ നിന്നും തുക ലഭ്യമാകുന്നതിൽ കാലതാമസം

വിവിധ സേവനങ്ങൾക്കും നികതി-നികുതിയേതര വരവുകൾക്കും ഓൺലൈനായി തുക ഒടുക്കുന്നത് പഞ്ചായത്തിന്റെ 36847991241 നം. എസ്.ബി.ഐ അക്കൗണ്ടിലേക്കാണ് ലഭ്യമാകുന്നത്. ഓൺലൈൻ പേമെന്റിനായി IKM സോഫ്റ്റ്‌വെയറിൽ മാപ്പ് ചെയ്തിരിക്കുന്ന ടി അക്കൗണ്ടിലേക്ക് രസീത് ചെയ്ത ശേഷം മാസങ്ങൾക്ക് ശേഷമാണ് തുക അക്കൗണ്ടിൽ ക്രെഡിറ്റാകുന്നത് എന്ന് കാണുന്നു.
ഇ-പേമെന്റായി ഒടുക്കുന്ന തുക നിശ്ചിത കാലയളവിലേത് IKM സോഫ്റ്റ്‌വെയറിലെ Consolidation Statement പ്രകാരമുള്ളത് ILGMS-ൽ ഒരുമിച്ച് രസീത് ചെയ്യുന്ന രീതിയാണ് പിൻതുടരുന്നത്. 23/03/2023 മുതൽ 31/03/2023 കാലയളവിലെ ഇ-പേമെന്റായി ലഭിച്ച 124,858/- രൂപ 1220000862/31.03.2023 നം. രസീത് പ്രകാരം രസീത് ചെയ്തു. മാർച്ച്-2023 ലെ റീക്കൺസിലേഷൻ പത്രിക പ്രകാരം ലഭ്യമാകാത്ത ടി തുക 4 മാസങ്ങൾക്ക് ശേഷം ജൂലൈ-2023 റീക്കൺസിലേഷൻ പത്രിക പ്രകാരവും ലഭ്യമാകാതെ തുടരുന്നു.
ഓൺലൈൻ ആയി ലഭിക്കുന്ന തുക IKM അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ശേഷം പേമെന്റ് ഗേറ്റ്‌വേ മുഖേനയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. പഞ്ചായത്തിന് ഓൺലൈനായി ലഭിക്കുന്ന വരവുകൾ കാലതാമസമില്ലാതെ ബാങ്ക് അക്കൗണ്ടിലേക്ക് ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് വകുപ്പ് തലത്തിൽ നടപടി സ്വീകരിച്ച് മേൽപറഞ്ഞ തുക പിന്നീട് ലഭ്യമായതിന്റെ വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 ഷോപ്പിങ്ങ് കോംപ്ലെക്സിന്റെ വസ്തുനികുതി-മേൽത്തരം തറനിർമ്മിതിക്ക് നികുതി വർദ്ധനവ് കണക്കാക്കിയില്ല

ചുവടെ ചേർക്കുന്ന ഷോപ്പിംഗ് കോംപ്ളക്സിന്റെ നികുതി നിർണ്ണയിച്ചപ്പോൾ മേൽത്തരം തറനിർമ്മിതിക്ക് ബാധകമായി അടിസ്ഥാന വസ്തുനികുതിയുടെ 15% നികുതി വർദ്ധനവ് കണക്കാക്കിയില്ല എന്ന് കാണുന്നു. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും) ചട്ടങ്ങളിലെ ചട്ടം-6 ലെ പട്ടിക-6 പ്രകാരം മേൽത്തരം തറ നിർമ്മിതിയുള്ള 250 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൻമേൽ 15% വർദ്ധനവ് നൽകേണ്ടതാണ്. സഞ്ചയ ഡേറ്റാബേസ്, നികുതി നിർണ്ണയ ഫയൽ എന്നിവ പ്രകാരം മേൽത്തരം തറനിർമ്മിതിയുള്ള ഷോപ്പിങ്ങ് കോംപ്ലെക്സിന്റെ അടിസ്ഥാന വസ്തുനികുതി നിർണ്ണയ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം. (എണ്ണം) | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം (ച.മീ.) (Plint Area) | അടിസ്ഥാന നികുതി (80/- രൂപ ) | നൽകേണ്ട വർദ്ധനവ് (15%) |
|---|---|---|---|---|---|
| 1 | 15/104 A മുതൽ D വരെ (4 എണ്ണം) | ചാക്കോ ജോസഫ്, ചെറ്റക്കാട്ട് | 610.96 | 48876.80 | 7331/- |

വസ്തുനികുതി നിർണ്ണയിക്കുമ്പോൾ അടിസ്ഥാന നികുതിയിൻമേൽ വർദ്ധനവ് കണക്കാക്കാതെ നികുതി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23/22.9.23) സ്ഥലപരിശോധന നടത്തി സഞ്ചയയിൽ മാറ്റങ്ങൾ വരുത്തി ഡിമാന്റ് നോട്ടീസ് നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കി. അപാതകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. ഇപ്രകാരം കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ച പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളും പരിശോധിച്ച് അവയുടെ വിസ്തീർണ്ണം അനുസരിച്ച് ആവശ്യമെങ്കിൽ നികുതി പുനർ

നിർണ്ണയിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി നിർണ്ണയത്തിൽ റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന കണക്കിലെടുത്തില്ല

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) 2011 ചട്ടം 6 പ്രകാരം വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡുകൾക്ക് വസ്തുനികുതിയിൽ 20 % വർദ്ധന വരുത്താവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന കണക്കിലെടുത്തതായി കാണുന്നില്ല.

| ക്രമ നം | വാർഡ് നം /കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | കെട്ടിടം സ്ഥിതി ചെയ്യുന്ന റോഡിന്റെ പേരും തരവും | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം (ച .മീ) |
|---|---|---|---|---|---|
| 1 | 10/205എ മുതൽ പി വരെ | ഡാലിയ ബീഗം ,തോപ്പിൽ | തിരുവല്ല-മല്ലപ്പള്ളി റോഡ്,(5 മീറ്ററിൽ കൂടുതൽ) | വാണിജ്യാവശ്യം | 319.86 |
| 2 | 10/467 എ-ഡി | അജു ജോസഫ് | തിരുവല്ല-മല്ലപ്പള്ളി റോഡ്(5 മീറ്ററിൽ കൂടുതൽ) | വാണിജ്യാവശ്യം | 129.9 |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/29.9.2023) ലഭ്യമാക്കിയ മറുപടിയിൽ സ്ഥലപരിശോധന നടത്തി സഞ്ചയയിൽ മാറ്റങ്ങൾ വരുത്തി ഡിമാന്റ് നോട്ടീസ് നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇപ്രകാരം വസ്തു നികുതി നിർണ്ണയിച്ച പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളും പരിശോധിച്ച് ആവശ്യമെങ്കിൽ നികുതി പുനർ നിർണ്ണയിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി

സ.ഉ(അ)നമ്പർ 17/2011/തസ്വഭവ/14.01.2011 ന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ വിജ്ഞാപനം പ്രകാരം 01.04.2013 മുതൽ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക്50 രൂപയും 100 ച.മീറ്ററിന് മുകളിൽ 60ഉം 200ച.മീ. താഴെയുള്ള സൂപ്പർമാർക്കറ്റുകൾക്ക് 60ഉം 200ച.മീ.ന മുകളിലുള്ള സൂപ്പർമാർക്കറ്റുകൾക്ക് 80 രൂപ നിരക്കിലും വസ്തുനികുതി ഈടാക്കാവുന്നതാണ്. പഞ്ചായത്തിലെ ചുവടെ ചേർക്കുന്ന 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം വരുന്ന കെട്ടിടങ്ങളെ 100 ച.മീ കുറവു വരുന്ന മുറികളായി തിരിച്ച് നമ്പരുകൾ നല്കുകയും 100 ച.മീ കുറവു വരുന്ന കെട്ടിടങ്ങൾക്ക് ബാധകമായ 50 രൂപ/ച മീ നിരക്കിൽ നികുതി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. അപാകത മൂലം പഞ്ചായത്തിന് പ്രതിവർഷം നികുതിയിനത്തിൽ നഷ്ടം വരുന്നുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | കെട്ടിട നം | ഉടമയുടെ പേര് | തറ | കണക്കാ | കണ | നികുതി | അടിസ്ഥാന |
|---|---|---|---|---|---|---|---|

| നം | | | വിസ്തീർണ്ണം (ച.മീ) | ക്കിയ നിരക്ക് ച.മീ | ക്കാക്കേണ്ട ത് ച.മീ | പ്രാബല്യ തീയതി | നികുതിയിൽ പ്രതിവർഷം കുറവ് |
|---|---|---|---|---|---|---|---|
| 1 | 14/249-256 | മോൻസി ജോസഫ് , കുടത്തോട് പുത്തൻപുരയിൽ | 311 | 50 | 60 | 24.11.18 | 311*10-3110 |
| 2 | 12/220 എ-സി | രാജുസേവ്യർ, പ്രക്കാട്ടുപീടികയിൽ | 125.16 | 50 | 60 | 17.11.20 | 125.1*10-1251 |
| 3 | 12/377 എ-എഫ് | ദിവ്യ.എൻ.നായർ, രേവതിയിൽ | 141.54 | 50 | 60 | 18.12.18 | 141.54*10-1415 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22/22.9.23) സ്ഥലപരിശോധന നടത്തി സഞ്ചയയിൽ മാറ്റങ്ങൾ വരുത്തി ഡിമാന്റ് നോട്ടീസ് നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കി. ഇപ്രകാരം കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ച പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളും പരിശോധിച്ച് അവയുടെ ഉപയോഗക്രമവും വിസ്തീർണ്ണവും അനുസരിച്ച് ആവശ്യമെങ്കിൽ നികുതി പുനർ നിർണ്ണയിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-16 ഒരേ മേഖലയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ വിവിധ മേഖലയിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തി

ഒരാളുടെ തന്നെ ഉടമസ്ഥതയിൽ ഉള്ള ഒരേ മേഖലയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ വിവിധ മേഖലയിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തിയതായി കാണുന്നു.

| ക്രമ നം | ഉടമസ്ഥന്റെ പേര് | വാർഡ് നം /കെട്ടിട നമ്പർ | വിസ്തീർണ്ണം (ച .മീ) | കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല | കെട്ടിടത്തിന്റെ തരം |
|---|---|---|---|---|---|
| 1 | മുഹമ്മദ് കുഞ്ഞ് ,പാലകോട്ടാൽ തെക്കേക്കര | 8/357 C | 60 | പ്രഥമം | പാർപ്പിടം |
| | | 8/357 C1 | 65 | ദ്വിതീയം | പാർപ്പിടം |
| | | 8/357 D | 66 | പ്രഥമം | പാർപ്പിടം |
| | | 8/357 E | 74.19 | ദ്വിതീയം | ലോഡ്ജ് |
| | | 8/357 F | 76.02 | ദ്വിതീയം | ലോഡ്ജ് |
| 2 | തോമസ് ഫിലിപ്പ്,കുഴിയിടയിൽ | 14/6 | 180 | ത്രിതീയം | പാർപ്പിടം |
| | | 14/7 | 180 | ത്രിതീയം | പാർപ്പിടം |
| | | 14/7 എ | 62 | ദ്വിതീയം | പാർപ്പിടം |
| | | 14/8 | 320 | ത്രിതീയം | പാർപ്പിടം |
| | | 14/9 | 280 | ത്രിതീയം | പാർപ്പിടം |
| | | 14/10 | 180 | ദ്വിതീയം | പാർപ്പിടം |
| | | 14/12 | 240 | ദ്വിതീയം | പാർപ്പിടം |

ഇപ്രകാരം വ്യത്യസ്ത രീതിയിൽ നികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/16.9.23) നല്കിയ മറുപടിയിൽ സ്ഥലപരിശോധന നടത്തി സഞ്ചയയിൽ മാറ്റങ്ങൾ വരുത്തി ഡിമാന്റ് നോട്ടീസ് നല്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-17 സമീപ കെട്ടിടങ്ങളെ വ്യത്യസ്ത രീതിയിൽ നികുതി നിർണ്ണയം നടത്തി

ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിലെ 255 എ നമ്പരായുള്ള റിലയൻസ് ഇൻഫ്രാ ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ളതും 9 ച.മീ. വിസ്തീർണ്ണമുള്ളതുമായ മൊബൈൽ ടവർ ദ്വിതീയ മേഖലയിൽ ഉൾപ്പെട്ടതായും 1.5 മീ കുറവ് റോഡിന്റെ വശത്തായും സ്ഥിതിചെയ്യുന്നതായി കണക്കാക്കി നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ 14/254, 14/256 എന്നീ നമ്പരുകളായി നികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങൾ പ്രഥമ മേഖലയിലും 5 മീ.കൂടുതൽ വീതിയുള്ള റോഡിനരികിലായും കണക്കാക്കി നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. ഇപ്രകാരം ഒരേ റോഡിൽ സമീപത്തായി സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ വ്യത്യസ്ത രീതിയിൽ നികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.32/30.9.23) ടി ടവർ ദ്വിതീയ മേഖലയിൽ ഉൾപ്പെട്ടതാണെന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും സഞ്ചയ പ്യൂരിഫിക്കേഷൻ നടപടികൾ ആകുന്ന മുറയ്ക്ക് അപാകത പരിഹരിച്ച് നികുതി പുനർ നിർണ്ണയിക്കുന്നതാണെന്നും മറുപടി നല്കി. അപാതകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-18 വസ്തുനികുതി വേക്കൻസി റെമിഷൻ അനുവദിച്ചത് - നടപടിക്രമങ്ങളിലെ അപാകതകൾ

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 21(1) പ്രകാരം ഏതെങ്കിലും കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേക്ക് തുടർച്ചയായി 4-ാം ചട്ടത്തിൽ പരാമർശിക്കുന്ന ഒരാവശ്യത്തിനും ഉപയോഗിക്കപ്പെടാതെ ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ, ഒഴിഞ്ഞു കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി, വാർഷിക നികുതിയുടെ പകുതിയിൽ കവിയാത്ത തുക സെക്രട്ടറിക്ക് ഇളവ് ചെയ്തു കൊടുക്കാവുന്നതാണ്. ചട്ടം(2) (എ) പ്രകാരം കെട്ടിട ഉടമയോ, അയാളുടെ ഏജന്റോ.- (I) ആ കെട്ടിടം ഒഴിഞ്ഞു കിടക്കുകയാണെന്നോ; അല്ലെങ്കിൽ (Ii) ആ കെട്ടിടം ഏത് തീയതി മുതൽ ഒഴിഞ്ഞ് കിടക്കുമെന്നോ എന്നുള്ളതിലേക്ക് സെക്രട്ടറിക്ക് നോട്ടീസ് കൊടുത്തിട്ടില്ലായെങ്കിൽ, (1)-ാം ഉപചട്ടപ്രകാരം സെക്രട്ടറി നികുതി ഇളവ് ചെയ്തു കൊടുക്കുവാൻ പാടില്ലാത്തതാകുന്നു.

മേൽ ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ കെട്ടിടങ്ങൾക്ക് 2020-21 വർഷം മുതൽ വസ്തുനികുതി വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ 2(ബി) (1)-ാം ഉപചട്ടപ്രകാരം നികുതി ഇളവ് ചെയ്തു കിട്ടുന്നതിനുള്ള കാലയളവ് കണക്കാക്കേണ്ടത്, ആ ആവശ്യത്തിനുള്ള നോട്ടീസ് നൽകിയ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ, ആ തീയതി മുതൽ കണക്കാക്കേണ്ടതാകുന്നു. (എ) ഖണ്ഡപ്രകാരമുള്ള ഏതൊരു നോട്ടീസിന്റെയും കാലാവധി അത്, ഏത് അർദ്ധ വർഷത്തെ സംബന്ധിച്ചാണോ നൽകുന്നത്, ആ അർദ്ധവർഷത്തോടുകൂടി അവസാനിക്കുന്നതും അതിന് ശേഷം അതിന് യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതും ആണെന്ന് 2(സി) ഉപചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വേക്കൻസി റെമിഷന് അപേക്ഷ നൽകുന്ന തീയതി പരിഗണിക്കാതെ ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് മുൻ അർദ്ധവർഷങ്ങളിലെ ഉൾപ്പെടെ വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ പേര്,കെട്ടിട നം. | ഫയൽ നമ്പർ & തീയതി | Vacancy | |
|---|---|---|---|
| | | From Period | To Period |
| ശ്രീമതി.ഗീതാ ഗോപാൽ, ഭവാനി സദനം വാണിജ്യാവശ്യത്തിനുള്ള 11/238c മുതൽ 238f | File No: A4-1696/21, File Date: 20.3.21 | 01/10/2020 | 31/03/2021 |

| | | | |
|---|---|---|---|
| വരെയുള്ള കെട്ടിടങ്ങൾ | File No: A4-1696/21, File Date: 23.3.21 | 01/04/2020 | 30/09/2020 |
| | File No: A4-4778/21, File Date: 4.10.21 | 01/04/2021 | 30/09/2021 |
| | File No: A4-1064 /22, File Date: 21.2.22 | 01/10/2021 | 31/03/2022 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.31/30.9.23) മറുപടി ലഭിച്ചില്ല. വേക്കൻസി റെമിഷൻ അനുവദിക്കുന്ന അവസരങ്ങളിൽ ചട്ടങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-19 01/04/2023 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണം

വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് പായിപ്പാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി 27/06/2023 ലെ 5(1) നം. തീരുമാന പ്രകാരം നികുതി നിരക്ക് നിർണ്ണയിച്ച് അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരമുള്ള നികുതി നിരക്കുകൾ 02-08-23-ലെഎസ്.സി1-3876/2023. നം. കരട് വിജ്ഞാപന പ്രകാരം ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനായി 30 ദിവസ കാലയളവ് നൽകി പ്രസിദ്ധീകരിച്ചിട്ടുണ്ട്(പത്രമാധ്യമത്തിൽ ഉൾപ്പടെ). നികുതി പരിഷ്കരണ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ നിലവിൽ 2023-24 വർഷത്തെ നികുതി പഴയ നിരക്കിലാണ് ഈടാക്കി വരുന്നത്.

നിലവിലെ നികുതി നിരക്കും പുതുക്കിയ നിരക്കും(കരട്) ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപയോഗക്രമം | നിലവിലെ നിരക്ക് | പുതുക്കിയത് |
|---|---|---|
| പാർപ്പിടാവശ്യം | 7 | 7 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ,ഷോപ്പിംഗ് കോംപ്ളക്സുകൾ | 80 | |
| വാണിജ്യം 100 ച.മീ മുതൽ 500 ച.മീ വരെ വിസ്തീർണ്ണമുള്ള കെട്ടിടം | | 63 |

വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ കാര്യത്തിൽ 200 ച.മീ നു മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റുകൾ ,ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ബാധകമായ നിരക്ക് 80 രൂപയായിരുന്നു. എന്നാൽ പുതുക്കിയ നിരക്ക് പ്രകാരം 100 ച.മീ മുതൽ 500 ച.മീ വരെയുള്ള കെട്ടിടങ്ങൾക്ക് പുതുക്കിയ നികുതി നിരക്ക് 63 രൂപയാണ് . ആയതു പ്രകാരം 200 ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളുടെ നികുതി നിരക്കിൽ കുറവ് വന്നതായി കാണുന്നു. പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിരക്കിൽ വർദ്ധവന് വന്നിട്ടില്ല. വസ്തു നികുതി പുതുക്കി നിശ്ചയിക്കുമ്പോൾ ഇപ്രകാരം പഴയ നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക് / അതേ നിരക്ക് നിശ്ചയിക്കുന്നതു വഴി മേൽ കെട്ടിടങ്ങളുടെ

കാര്യത്തിൽ നികുതി വർദ്ധനവ് സാധ്യമാകുമോ എന്നതിൽ അവ്യക്തതയുണ്ട്.അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/29.9.23) ,5.4.23 ലെ സർക്കാർ ഉത്തരവ് നം.25/23/എൽ.എസ്.ജി.ഡി പ്രകാരമുള്ള നിരക്കിലാണ് നികുതി നിശ്ചയിച്ചിട്ടുള്ളതെന്നും കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണം സ്ലാബിൽ 2013 ലെ പരിഷ്കരണത്തിൽ നിന്നും വ്യത്യസ്തമായാണ് 2023 ലെ പരിഷ്കരണത്തിലുള്ളതെന്നും മറുപടി നല്കി.അതിനാൽചില കെട്ടിടങ്ങളുടെ നിരക്കിന്റെ കാര്യത്തിൽ അവ്യക്തതയുള്ളത് അടുത്ത കമ്മിറ്റിയിൽ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണെന്നും അറിയിച്ചു. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-20 ടർഫുകളുടെ വസ്തു നികുതി നിർണ്ണയത്തിൽ അപാകത

പായിപ്പാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ 14,6 എന്നീ വാർഡുകളിലായി രണ്ട് ടർഫുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ആയതിന്റെ വസ്തു നികുതി നാളിതുവരെ നിർണ്ണയിച്ചിട്ടില്ല. 6-ാം വാർഡിൽ സ്ഥിതിചെയ്യുന്ന ടർഫും അനുബന്ധകെട്ടിടങ്ങളും ഒന്നും തന്നെ നാളിതുവരെ നികുതിയുടെ പരിധിയിൽ കൊണ്ടു വന്നിട്ടില്ല. 14-ാം വാർഡിൽ സ്ഥിതിചെയ്യുന്ന ടർഫിനോടനുബന്ധിച്ച ഏതാനും മുറികൾക്ക് 23.3.23 ൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഉടമസ്ഥന്റെ പേര് | കെട്ടിട നം | വിസ്തീർണ്ണം (ച .മീ) | കെട്ടിടത്തിന്റെ തരം |
|---|---|---|---|
| ജെയിംസ് കോര, ഷാനെറ്റ് ജോസഫ്, തെക്കേൽ | 14/194 | 320 | പാർപ്പിടാവശ്യം |
| | 14/194 ബി | 15.21 | ഓഫീസ് |
| | 14/194 സി | 15.21 | വാണിജ്യം |
| | 14/194 ഡി | 39.56 | പാർപ്പിടം |
| | 14/194 ഇ | 16.6 | ഇതരവ്യവസായം |
| | ആകെ നികുതി നിർണ്ണയിച്ചത് | 406.44 | |

കംപ്ളീഷൻ പ്ളാൻ പ്രകാരം കെട്ടിടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | | |
|---|---|---|
| Unit 1 | | |
| Commercial | Badminton Court | 202.6 |
| | Rooms | 16.45 |
| | Toilet | 55.85 |
| | Gym | 67.5 |
| | Out House | 39.666 |
| Unit 2 | | |
| Commercial | Cafeteria | 14.64 |
| | F.F.balcony | 50.2 |
| Total Commercial Area | | 446.9 |
| | Existing Ground Floor | 206.83 |
| | Existing First Floor | 69.3 |
| Total Existing Area | | 276.13 |
| | Commercial Football Turf | 1408 |
| | Swimming Pool | 128.82 |
| Total Area | | 2259.85 |

ഇപ്രകാരം ടർഫ്, സ്വിമ്മിംഗ് പൂൾ, ബാഡ്മിന്റൺ കോർട്ട് എന്നിവയുൾപ്പെടുന്ന 2259.85 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ 406.44 ച.മീ ന്റ മാത്രമേ നികുതി നിർണ്ണയം നടത്തിയിട്ടുള്ളൂ. 2023 ലെ വസ്തുനികുതി പരിഷ്കരണം പ്രകാരം ടർഫുകൾ, സ്വിമ്മിംഗ് പൂളുകൾ എന്നിവയുടെ നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ആയതിനാൽ ടി കെട്ടിടത്തിന്റെ മുഴുവൻ വിസ്തീർണ്ണത്തിനും വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. കൂടാതെ 6-ാം വാർഡിലെ ടർഫിന്റെ നികുതി നിർണ്ണയവും നടത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-21 കരാറുകാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല

പായിപ്പാട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കരാറുകാരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2022-23 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത കരാറുകാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്ത് മരാമത്ത് പ്രവൃത്തികളുടെ 2022-23 ടെണ്ടർ രജിസ്റ്റർ പ്രകാരം പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരൻ/കരാർ ഏറ്റെടുത്ത വ്യക്തി |
|---|---|
| 1. | ബിനു സണ്ണി |
| 2. | റോയ് ജോസഫ് |
| 3. | ജൂലി ജോസഫ് |
| 4. | ഡിനു ചാക്കോ |
| 5. | രഘുനാഥൻ നായർ |
| 6. | ഷഫീക്ക്മോൻ റ്റി. അബു |
| 7. | ഷംസുദീൻ എ. |
| 8. | റ്റി. റ്റി. സെബാസ്റ്റ്യൻ |
| 9. | ബനഡിക്റ്റ് വി. ജെ. |
| 10. | റിൻസൺ അലക്സ് |
| 11. | റിച്ചി ബനഡിക്റ്റ് |

കരാറുകാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.2/2022-23/23.09.2023) നൽകിയതിന് മറുപടി ലഭിച്ചില്ല.

കരാറുകാരുടെ തൊഴിൽ നികുതി 2022-23 വർഷത്തേത് കുടിശികയായി Prior Period Tax ശീർഷകത്തിൽ അടവാക്കി രസീതിന്റെ പകർപ്പ് ഉൾപ്പെടെ പ്രഥമ മറുപടി നൽകേണ്ടതാണ്.

## 1-22 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല - നികുതി വരുമാനം നഷ്ടമായി

പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ആകെ 54 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നതിനുള്ള ഡിമാന്റ് ലിസ്റ്റാണ് (List Of Institutions) നിലവിലുള്ളത്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ, കൺസൾട്ടൻസികൾ തുടങ്ങി ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. 2022-23 ജീവനക്കാരുടെ തൊഴിൽ

നികതി ലിസ്റ്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു (ഗൂഗിൾ മാപ്പിൽ ലിസ്റ്റ് ചെയ്തവ).

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | പ്രവർത്തനം |
|---|---|---|
| 1. | കുളത്തുങ്കൽ ഫിനാൻസ്, നാലുകോടി | Gold Loan, Deposits |
| 2. | കെ. കെ. ഫിനാൻസ്, നാലുകോടി | Gold Loan, Finance |
| 3. | A & S ഫിനാൻസ് & ഗോൾഡ് ലോൺ, നാലുകോടി | Gold Loan, Finance |
| 4. | ഇണ്ടിപ്പറമ്പിൽ ഫിനാൻസ്, നാലുകോടി | Finance & Gold Loan |
| 5. | NEXUS ജോബ് കൺസൾട്ടൻസി, പായിപ്പാട് | Employment Service |
| 6. | NYLE സൂപ്പർ മാർക്കറ്റ്, പായിപ്പാട് | Supermarket |
| 7. | Leosh Associates & Building Designers, നാലുകോടി | Construction Company |
| 8. | ന്യൂ ഇന്ത്യ ബൈബിൾ കോളേജ്, പായിപ്പാട് | Bible College |
| 9. | നാലുകോടി ക്ഷീരോൽപാദക സഹകരണ സംഘം | Milk Distribution Society |
| 10. | Cameo Home Care Consultancy, നാലുകോടി | Nursing, Home Care Service |
| 11. | VIBGYOR സൊല്യൂഷൻസ്, നാലുകോടി | Web-Media Service |
| 12. | വെണ്ടക്കാലാ റ്റോഡി ഷോപ്പ് & ഫാമിലി റസ്റ്റോറന്റ് | കള്ള് ഷാപ്പ് |
| 13. | സിഗ്നേച്ചർ ഡെന്റൽ സൊല്യൂഷൻസ്, നാലുകോടി | ഡെന്റൽ ക്ലിനിക് |
| 14. | തെക്കേക്കര കൺസ്ട്രക്ഷൻസ്, നാലുകോടി | Construction Company |

പഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വലിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതിരുന്നത് പഞ്ചായത്തിന് നികുതി വരുമാനത്തിൽ കുറവുണ്ടാക്കിയിട്ടുണ്ട്. അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.3/2022-23/23.09.2023) നൽകിയതിന് ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാൻ കത്ത് നൽകിയതായി അറിയിച്ചു.

പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ലിസ്റ്റ് പരിഷ്കരിക്കേണ്ടതാണ്. സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2022-23 വർഷത്തെ തൊഴിൽ നികുതി നടപ്പ് സാമ്പത്തിക വർഷത്തിൽ Prior Period Tax റവന്യൂ ശീർഷകത്തിൽ വരവായി സ്വീകരിച്ച ശേഷം ബന്ധപ്പെട്ട രസീതുകൾ ഉൾപ്പെടെ ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-23 ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2022-23 ലെ ധനകാര്യ പത്രിക പ്രകാരം (Income & Expenditure Account Schedule I-1) ആകെ സ്ഥാപനങ്ങളുടെ ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതിയായി 55,900/- രൂപയാണ് ഡിമാന്റ് ചെയ്തത്. ഡിമാന്റ് രജിസ്റ്ററിലെ വിവരങ്ങൾ ക്രോഡീകരിച്ച് ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിലുള്ള സ്വകാര്യ ഏജൻസികൾ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവ ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ഡിമാന്റ് രജിസ്റ്ററിലെ സ്ഥാപനങ്ങളുടെ ലിസ്റ്റിന്റെ

ഇൻഡക്സിൽ നിന്ന് വ്യക്തമാകുന്നു. പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ ടേണോവർ അടിസ്ഥാനത്തിലുള്ള പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു (ഗൂഗിൾ മാപ്പിൽ ലിസ്റ്റ് ചെയ്തത്).

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | കുളത്തുങ്കൽ ഫിനാൻസ്, നാലുകോടി |
| 2. | കെ. കെ. ഫിനാൻസ്, നാലുകോടി |
| 3. | A & S ഫിനാൻസ് & ഗോൾഡ് ലോൺ, നാലുകോടി |
| 4. | ഇണ്ടിപ്പറമ്പിൽ ഫിനാൻസ്, നാലുകോടി |
| 5. | NEXUS ജോബ് കൺസൾട്ടൻസി, പായിപ്പാട് |
| 6. | NYLE സൂപ്പർ മാർക്കറ്റ്, പായിപ്പാട് |
| 7. | Leosh Associates & Building Designers, നാലുകോടി |
| 8. | നാലുകോടി ക്ഷീരോൽപാദക സഹകരണ സംഘം |
| 9. | Cameo Home Care Consultancy, നാലുകോടി |
| 10. | VIBGYOR സൊല്യൂഷൻസ്, നാലുകോടി |
| 11. | വെണ്ടക്കാലാ ടൂഡി ഷോപ്പ് & ഫാമിലി റസ്റ്റോറന്റ്, നാലുകോടി |
| 12. | സിഗ്നേച്ചർ ഡെന്റൽ സൊല്യൂഷൻസ്, നാലുകോടി |
| 13. | തെക്കേക്കര കൺസ്ട്രക്ഷൻസ്, നാലുകോടി |
| 14. | Eden Sports Areana, Changanassery, സ്പോർട്സ് ടർഫ്, പായിപ്പാട് |
| 15. | Featherland The Real Turf-Changanassery, സ്പോർട്സ് ടർഫ്, പായിപ്പാട് |
| 16. | Well Fit Gym & Health Club, Fitness Centre, നാലുകോടി |
| 17. | Jaykey Builders, നാലുകോടി |
| 18. | ട്രാവൻകൂർ റിയൽ എസ്റ്റേറ്റ്, നാലുകോടി |
| 19. | ക്രാഫ്റ്റ് കോമിക്സ് ബുക്ക് പബ്ലിഷേഴ്സ്, നാലുകോടി |
| 20. | നക്ഷത്ര ഓഡിറ്റോറിയം, നാലുകോടി |
| 21. | നിള ഗ്രൂപ്പ് ട്രാവൽ ഏജൻസി, പായിപ്പാട് |
| 22. | റ്റി. കെ. അസോസിയേറ്റ്സ്, പായിപ്പാട് |
| 23. | വീണ ഡ്രൈവിങ്ങ് സ്കൂൾ, പായിപ്പാട് |
| 24. | DTDC International Courier Service, പായിപ്പാട് |
| 25. | PBC Group, പായിപ്പാട് |
| 26. | ജീവ റിയൽ എസ്റ്റേറ്റ്, നാലുകോടി |

പഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വലിയ സ്ഥാപനങ്ങൾക്ക് പരമാവധി

നികുതിയായ 2,500/- രൂപ നികുതി ചുമത്താവുന്നതായിരുന്നു. അക്രൂവൽ ഡിമാന്റ് കണക്കാക്കി ഈടാക്കുന്ന ടേണോവർ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതിരുന്നത് പഞ്ചായത്തിന് നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാക്കിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡി.സി.ബി. തയ്യാറാക്കാതിരുന്നതിനും ഡിമാന്റിലെ അപാകതകൾക്കും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.4/2022-23/25.09.2023) നൽകിയതിന് ടി സ്ഥാപനങ്ങൾക്ക് നികുതി ഒടുക്കുന്നതിന് കത്ത് നൽകിയതായി അറിയിച്ചു.

മേൽവിവരിച്ച സ്ഥാപനങ്ങളെ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റ് പരിഷ്കരിച്ച് നികുതി ഡിമാന്റ് 2022-23 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കേണ്ടതും ഡിമാന്റ് ലിസ്റ്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. പുതുക്കിയ ഡിമാന്റ് പ്രകാരം ഉൾപ്പെടുത്തിയ സ്ഥാപനങ്ങളുടെ 2022-23 നികുതി തുക നടപ്പ് സാമ്പത്തിക വർഷം Prior Period Tax ശീർഷകത്തിൽ നിന്ന് Receivable For Profession Tax-Institutions(Arrear) ശീർഷകത്തിലേക്ക് അക്രൂവൽ എൻട്രി നടത്തിയ ശേഷം കുടിശിക നികുതിയായി അടവാക്കേണ്ടതാണ്. 2022-23 നികുതി കുടിശിക ഒടുക്കിയ രസീതുകളും പുതുക്കിയ ഡിമാന്റ് ലിസ്റ്റ്, ഡി.സി.ബി. എന്നിവ ഉൾപ്പെടെ പ്രഥമ മറുപടി നൽകേണ്ടതാണ്.

### 1-24 കൃഷി ഓഫീസ് ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല

പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനമായ കൃഷി ഭവനിലെ ജീവനക്കാരുടെ 2022-23 വർഷം തൊഴിൽ നികുതി ഒന്നാം അർദ്ധവർഷം ഒടുക്കിയിട്ടില്ല എന്ന് ജീവനക്കാരുടെ തൊഴിൽ നികുതി കളക്ഷൻ രജിസ്റ്ററിൽ കാണുന്നു. രണ്ടാം അർദ്ധവർഷത്തിൽ 2 കൃഷി അസിസ്റ്റന്റുമാരുടെ നികുതി മാത്രം ഒടുക്കി. സാമ്പത്തിക വർഷം കൃഷി ഓഫീസറുടെ വിവരം ചുവടെ പഞ്ചായത്ത് ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ളത് ചേർക്കുന്നു.

ഫസ്‌ലീന എ. - 01/04/2022 മുതൽ 10/10/2022 വരെ

റസിയ എ. സലാം - 11/10/2022 മുതൽ 31/03/2022 വരെ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്തിന്റെ അനുബന്ധ സ്ഥാപനമായ കൃഷി ഭവനിലെ കൃഷി ഓഫീസർ ഉൾപ്പെടെ എല്ലാ ഉദ്യോഗസ്ഥരും ഒന്നാം അർദ്ധവർഷവും, കൃഷി ഓഫീസർ മാത്രം രണ്ടാം അർദ്ധവർഷവും നികുതി ഒടുക്കാതിരുന്നതിനാൽ പഞ്ചായത്തിന് നികുതി വരുമാനം നഷ്ടമുണ്ടായിട്ടുണ്ട്. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.1/2022-23 /23.09.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. രണ്ടാം അർദ്ധവർഷം തുക്കൊടിത്താനം പഞ്ചായത്തിലെ കൃഷി ഓഫീസർ ചാർജ് വഹിച്ചതാണെന്നാണ് എക്സിറ്റ് മീറ്റിങ്ങിൽ അറിയിച്ചത്.

കൃഷി ഓഫീസ് ജീവനക്കാരുടെ 2022-23 ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി നടപ്പ് സാമ്പത്തിക വർഷത്തിൽ Prior Period Tax റവന്യൂ ശീർഷകത്തിൽ വരവായി സ്വീകരിച്ച ശേഷം ബന്ധപ്പെട്ട രസീതുകൾ ഉൾപ്പെടെ ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

### 1-25 മാർക്കറ്റ് ലേലം ചെയ്തതിന് ബാധകമായ ജി.എസ്.റ്റി. അടവാക്കിയില്ല

2017 ലെ സി.ജി.എസ്.റ്റി./കെ.ജി.എസ്.റ്റി. ആക്ടിലെ ഷെഡ്യൂൾ II ക്രമ നം.2(എ) പ്രകാരം പാട്ടത്തിൻമേലോ വാടകയിൻമേലോ ലൈസൻസിൻമേലോ ഭൂമി/സ്ഥാവര ജംഗമ വസ്തുക്കൾ കൈവശം വയ്ക്കുന്നതിനായി നൽകുന്നത് സേവനത്തിൽ ഉൾപ്പെടുന്നതും ജി.എസ്.റ്റി. ബാധകമായതുമാണ്. പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മീറ്റ് മാർക്കറ്റ്, ഫിഷ് മാർക്കറ്റ്, പി.എച്ച്. സി. കോമ്പൗണ്ടിലെ തെങ്ങിൽ നിന്നുള്ള ആദായം എന്നീ അവകാശങ്ങൾ ലേലം ചെയ്ത് നൽകിയപ്പോൾ 919,800/- രൂപ ലേലത്തുക മാത്രമാണ് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുള്ളത്. വാണിജ്യാവശ്യത്തിനായുള്ള ലേലത്തിന് ബാധകമായ ലേലത്തുകയുടെ 18% ജി.എസ്.റ്റി. അടവാക്കിയില്ല എന്ന് കാണുന്നു. ലേലം കൊണ്ടവരുടെയും ലേലത്തിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു.

| ലേല ഇനം/ തീയതി | ലേലം കൊണ്ട വ്യക്തി/സ്ഥാപനം | ഭരണ സമിതിയുടെ അംഗീകാരം | ലേലം കൊണ്ട തുക | ജി.എസ്.റ്റി. |
|---|---|---|---|---|
| മീറ്റ് മാർക്കറ്റ് പായിപ്പാട് 24/03/2022 | നവാസ് മോൻ സി. എം., ചന്ദനപ്പറമ്പിൽ, പായിപ്പാട് | 5(1)/ 24.03.2022 | 690,500/- | 124,290/- |
| ഫിഷ് മാർക്കറ്റ് 2014-15 മുതൽ B.O.T | PBC ഗ്രൂപ്പ്, പി.സി. കവല, പായിപ്പാട് | - | 226,600/- | 40,788/- |
| പി.എച്ച്. സി. കോക്കനട്ട് 17/03/2023 | എം. സി. സുഭാഷ്, മലയിൽ കുന്നേൽ | 8(1)/ 21/03/2023 | 2,700/- | ഇല്ല |
| ആകെ ലേലത്തുകയും ജി.എസ്.റ്റി. യും | | | 919,800/- | 165,078/- |

10/03/2022 ലെ മീറ്റ് മാർക്കറ്റ്, പി.എച്ച്. സി. കോക്കനട്ട് ലേല നിബന്ധനകളിൽ ജി.എസ്.റ്റി. ഒടുക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നില്ല. ഫിഷ് മാർക്കറ്റ് 2014-15 മുതൽ B.O.T. ആയി 15 വർഷത്തേക്ക് നൽകിയ കരാറിലും ജി.എസ്.റ്റി. വ്യവസ്ഥ പിന്നീട് ചേർത്ത് പുതുക്കിയിട്ടില്ല. പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള കൃത്യമായ നടപടികളുടെ അഭാവത്തിൽ ലേല ഇടപാടിന്റെ ജി.എസ്.റ്റി. ഈടാക്കാൻ സാധിച്ചില്ല. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.5/2022-23/25.09.2023) നൽകിയതിന് മറുപടിയായി Meat, Fish എന്നിങ്ങനെയുള്ള ഗുഡ്സിന് ജി.എസ്.റ്റി. ഒഴിവാക്കിയിട്ടുള്ള സെൻട്രൽ ടാക്സ് വകുപ്പിന്റെ 28/06/2017 ലെ 2/2017 നം. നോട്ടിഫിക്കേഷൻ ഉള്ളതിനാലാണ് ജി.എസ്.റ്റി. ഈടാക്കാതിരുന്നത് എന്ന മറുപടി നൽകി. എന്നാൽ പ്രസ്തുത നോട്ടിഫിക്കേഷൻ പ്രകാരം ജി.എസ്.റ്റി. ഒഴിവാക്കിയത് കുത്തകക്കാരൻ Meat, Fish എന്നിങ്ങനെയുള്ള ഗുഡ്സ് വിൽക്കുന്നതിനാണ് എന്ന് കാണുന്നു. പഞ്ചായത്ത് വാണിജ്യാവശ്യത്തിന് ലേലത്തിൽ സ്ഥലം/കെട്ടിടം നൽകുന്ന ഇടപാട് സേവനമാണ്(Service). ടി സേവനത്തിനുള്ള ജി.എസ്.റ്റി. ആണ് പഞ്ചായത്ത് ഈടാക്കി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കേണ്ടിയിരുന്നത്.

അപാകതയ്ക്ക് പരിഹാരനടപടിയായി ലേല നടപടികളിലും, B.O.T. കരാറിലും ജി.എസ്.റ്റി. ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്യേണ്ടതാണ്. 2022-23 വർഷത്തെ ലേല ഇടപാടുകളുടെ ജി.എസ്.റ്റി. 165,078/-രൂപ അതാത് കുത്തകക്കാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ SGST,CGST ശീർഷകങ്ങളിൽ 82,539/- രൂപ വീതം അക്കൗണ്ട് ചെയ്ത് തുക യഥാവിധി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. നടപടികൾ പൂർത്തിയാക്കിയ ശേഷം കുത്തകക്കാർ 2022-23 ലെ GST ഒടുക്കിയ രസീത്, തുക സർക്കാരിലേക്ക് അടവാക്കിയ ചെലാൻ എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം മറുപടി നൽകേണ്ടതാണ്.

## 1-26 OFC പോളുകൾക്ക് വാടക ഈടാക്കുന്നതിന് നിയമാനുസൃത കരാർ ചമച്ചിട്ടില്ല

റിലൈൻസ് ജിയോ ഫൈബർ നെറ്റ്‌വർക്കിനായി പഞ്ചായത്ത് ഉടമസ്ഥതയിലുള്ള മൂന്ന് റോഡുകളിൽ Optical Fibre Cable(OFC) പോളുകൾ സ്ഥാപിക്കുന്നതിന് 2022-23 വർഷം അനുമതി നൽകിയിരുന്നു. പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ടി പ്രവൃത്തിയുടെ റോഡ് കട്ടിങ്ങ് ഫീസിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും 23/01/2020 ലെ G.O.(Rt) No.89/2020/PWD ഉത്തരവ് പ്രകാരം തുടർവർഷം

മുതലുള്ള വാർഷിക വാടക നിർണ്ണയിക്കുകയും ചെയ്തു. വാർഷിക വാടക വിശദാംശം ചുവടെ ചേർക്കുന്നു. (പോളിന് 360/- രൂപ വാർഷിക വാടക നിരക്ക്).

| റോഡിന്റെ പേര് | ഫൈബർ റൂട്ട് | പോളുകളുടെ എണ്ണം | വാർഷിക വാടക |
|---|---|---|---|
| കൊച്ചുപള്ളി - കോട്ടമുറി റോഡ് | 1800 മീറ്റർ | 60 | 21,600/- |
| വെള്ളാപ്പള്ളി - ചാഞ്ഞോടി റോഡ് | 150 മീറ്റർ | 10 | 3,600/- |
| എഴവത്താനം - കുരിശടി റോഡ് | 500 മീറ്റർ | 16 | 5,760/- |
| ആകെ | 2450 മീറ്റർ | 86 | 30,960/- |

എന്നാൽ പഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കപ്പെട്ട 86 പോളുകളുടെ 2023-24 വർഷം മുതൽ വാടകയും 18% GST യും ഈടാക്കുന്നതിന് റിലൈൻസ് ജിയോയുമായി നിയമാനുസൃത കരാർ ചമച്ചിട്ടില്ല. കൂടാതെ സെക്യൂരിറ്റി നിക്ഷേപമായി സ്വീകരിച്ച 3,096/- രൂപ റോഡ് കട്ടിങ്ങ് ചാർജ് റവന്യൂ വരുമാനമായുമാണ് അക്കൗണ്ട് ചെയ്തത്. 5% വാർഷിക വാടക വർദ്ധനവോടെ വാടക നിർണ്ണയിച്ച് കരാർ ചമച്ച് ഈടാക്കാതിരിക്കുന്നത് തനത് വരുമാനം നഷ്ടമാകുന്നതിന് ഇടയാകും. ഈ വിഷയത്തിൽ കരാർ തുടർനടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.29/2022-23/30.09.2023) നൽകിയതിന് OFC പോളുകളുടെ വാടക ഈടാക്കുന്നതിന് കരാർ ചമച്ച് തുടർ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചു.

2022-23 വർഷം സ്ഥാപിക്കപ്പെട്ട OFC പോളുകളുടെ വാടക റിലൈൻസ് ജിയോയുമായി നിയമാനുസൃത കരാറിലൂടെ ആധികാരികമാക്കേണ്ടതാണ്. 2023-24 വർഷം മുതലുള്ള വാടക അക്രൂവലായി ഡിമാന്റ് അക്കൗണ്ട് ചെയ്ത് Receivable ശീർഷകത്തിൽ അടവാക്കേണ്ടതാണ്. വാടക കരാറിന്റെ പകർപ്പും വാടക അടവാക്കിയ ശേഷം വിശദാംശവും മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-27 ട്രേഡർമാരുടെ ലൈസൻസ്/തൊഴിൽ നികുതി-അടിസ്ഥാന ഡേറ്റ തയ്യാറാക്കിയിട്ടില്ല

പായിപ്പാട് ഗ്രാമപഞ്ചായത്തിലെ ട്രേഡർമാരുടെ എണ്ണവും വിവരവും സംബന്ധിച്ച് വാർഡ് അടിസ്ഥാനത്തിൽ കൃത്യമായ ഡാറ്റയായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഔദ്യോഗിക ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ പഞ്ചായത്ത് പ്രദേശത്തെ 16 വാർഡുകളിലെയും ട്രേഡർമാരുടെ ലൈസൻസ്/തൊഴിൽ നികുതി ഡിമാന്റ് പൂർണ്ണമാണോ എന്നതിൽ വ്യക്തതയില്ല. പഞ്ചായത്തിൽ ലഭ്യമായ 2022-23 ലൈസൻസ് രജിസ്റ്റർ പ്രകാരം 318 ട്രേഡർമാരുടെ 252,100/- രൂപയും 3 ലൈവ്സ്റ്റോക്ക് ഫാമുകളുടെ 2,500/- രൂപയുമാണ് ലൈസൻസ് ഡിമാന്റ്. 2022-23 ലൈസൻസ് രജിസ്റ്ററിലാണ് ട്രേഡർ തൊഴിൽ നികുതി വിവരവും ചേർക്കുന്നത്(ഡിമാന്റ്-357,600/-). വാർഡ് അടിസ്ഥാനത്തിൽ ട്രേഡർമാരുടെ വിവരം ലഭ്യമല്ലാത്തതിനാൽ വാർഡ് അടിസ്ഥാനത്തിൽ ഡി.സി.ബി.-യും തയ്യാറാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.28/2022-23/30.09.2023) നൽകിയതിന് മറുപടി ലഭിച്ചില്ല.

പഞ്ചായത്തിന്റെ 16 വാർഡുകളിലെ ട്രേഡേഴ്സിന്റെ ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി പരിശോധിച്ച് അംഗീകാരം നൽകേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ ലൈസൻസ് ഡിമാന്റും ട്രേഡർ തൊഴിൽ നികുതി ഡിമാന്റും നിർണ്ണയിച്ച് ലൈസൻസ് നടപടികൾ പൂർത്തിയാക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ ലൈസൻസ്/ട്രേഡർ തൊഴിൽ നികുതി ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ട്രേഡർമാരുടെ ലൈസൻസ് ഡിമാന്റ് നടപടികൾ മേൽപറഞ്ഞ വിധം ക്രമീകരിച്ച് അനുബന്ധരേഖകൾ ഉൾപ്പെടെ മറുപടി നൽകേണ്ടതാണ്.

## 1-28 3 ലക്ഷം രൂപ അക്രുവൽ വരവുകളുടെ കുടിശിക ഒടുക്കാനുള്ളവരുടെ വിശദാംശം സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിന്റെ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം നികുതി നികുതിയേതര അക്രുവൽ വരവുകളുടെ കുടിശികയിനത്തിൽ 300,342/- രൂപയുടെ കുടിശിക ഒടുക്കാനുള്ളവരുടെ വിശദാംശം സൂക്ഷിച്ചിട്ടില്ല. 2022-23 വർഷത്തെ വരുമാനവും മുൻവർഷങ്ങളിലെ വരുമാനവും ലഭിക്കാനുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലഭിക്കാനുള്ള വരവിനം | കാലയളവ് | തുക |
|---|---|---|---|
| 1. | സ്ഥാപനങ്ങളുടെ ടേണോവർ തൊഴിൽ നികുതി | 2022-23 | 7,150/- |
| 2. | ട്രേഡർമാരുടെ തൊഴിൽ നികുതി | 2022-23 | 20,700/- |
| 3. | IFTEOS ലൈസൻസ് ഫീസ് | 2022-23 | 24,000/- |
| 4. | വാടക കുടിശിക | ലഭ്യമല്ല | 48,492/- |
| 5. | മാർക്കറ്റ് വരവ് കുടിശിക | ലഭ്യമല്ല | 200,000/- |
| ആകെ കുടിശിക 31/03/2023 ൽ | | | 300,342/- |

തൊഴിൽ നികുതി, ലൈസൻസ് ഫീസ് ഒടുക്കാനുള്ളത് ഏതെല്ലാം സ്ഥാപനങ്ങളാണ് എന്ന് ലിസ്റ്റ് ചെയ്ത് ഡി.സി.ബി. പത്രിക തയ്യാറാക്കിട്ടില്ല എന്നതിനാൽ കുടിശികയുള്ള സ്ഥാപന/ട്രേഡർമാരുടെ വിവരം ലഭ്യമല്ല. വാടക, മാർക്കറ്റ് വരവ് ഏത് കാലയളവിലേതാണ് എന്നും ഏതെല്ലാം കുത്തകക്കാരാണ് ഒടുക്കാനുള്ളത് എന്നും കുടിശിക ഡി.സി.ബി. തയ്യാറാക്കി സൂക്ഷിക്കേണ്ടതായിരുന്നു. വിശദാംശങ്ങളുടെ അഭാവത്തിൽ കുടിശിക ഈടാക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടാകും. 2022-23 ധനകാര്യ പത്രിക സമർപ്പിച്ചപ്പോൾ അക്രുവൽ വരവുകളുടെ തൻവർഷത്തെയും കുടിശികയുടെയും ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്താതിരുന്നത് 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58 ന്റെ വ്യക്തമായ ലംഘനമാണ്. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.7/2022-23/25.09.2023) നൽകിയതിന് മറുപടി ലഭിച്ചില്ല.

2022-23 വർഷത്തെ തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കാത്തവരുടെ വിശദാംശം ലിസ്റ്റ് ചെയ്ത് കുടിശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി വരുമാനം പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. വാടക കുടിശിക, മാർക്കറ്റ് വരവ് എന്നിവ ഏത് കാലയളവിൽ ആരുടേതാണ് എന്ന് കണ്ടെത്തി ഈടാക്കേണ്ടതാണ്. കുടിശിക വരുമാനം അടവാക്കിയതിന്റെ രസീതുകൾ സാക്ഷ്യപ്പെടുത്തി സെക്രട്ടറി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-29 തനത് വരുമാന സ്രോതസ്സുകൾ-അധിക വിഭവ സമാഹരണം

ആറാം സംസ്ഥാന ധനകാര്യക്കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 30(v) ശിപാർശകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ സാമ്പത്തികമാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി 8-1-21ലെ ജി.ഒ.പി നം 6/2021 ഫിൻ. നമ്പർ പ്രകാരം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. പരിശോധനയുടേയും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലുള്ള നിരീക്ഷണക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു. കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ 162 വകുപ്പ് പ്രകാരം ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതിസംബന്ധമായ അപ്പീൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ

ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്. തനതുവരുമാനമായ വസ്തു നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ചർച്ചകൾ നടത്തി തീരുമാനങ്ങൾ ക്രോഡീകരിക്കുകയും തുടർനടപടികൾക്കായി ജനറൽ കമ്മിറ്റിയിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മറ്റു വരവിനങ്ങൾ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിയിട്ടില്ലെന്നു കാണുന്നു. സ.ഉ.(കൈ) നം.77/2023/എൽ.എസ്.ജി.ഡി തീയതി 22-3-23 പ്രകാരം ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ് പ്രകാരമുള്ള കെട്ടിടനികുതി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 5-4-23-ലെ സ.ഉ (പി) നം 25/2023/എൽ.എസ്.ജി.ഡി പ്രകാരവും ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് അംഗീകരിച്ചുകൊണ്ട് 27.6.23ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയുണ്ടായി (തീരുമാനം 5-1 ). കൂടാതെ എല്ലാ കെട്ടിടങ്ങളുടേയും വാർഷികവസ്തുനികുതിയോടൊപ്പം 23-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ 5% വർദ്ധനവ് വരുത്തി അടുത്ത 5 വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും തീരുമാനിച്ചു. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിലെ വിവിധ ഉപയോഗക്രമത്തിലുള്ള ഓരോ ഇനം കെട്ടിടങ്ങൾക്കും 1-4-23 മുതൽ പ്രാബല്യത്തിൽ പുതുക്കി നിജപ്പെടുത്തുന്ന വസ്തുനികുതി പ്രസിദ്ധപ്പെടുത്തി കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു ( 2-8.-23- ലെ SC1-3876/2023. കരട് വിജ്ഞാപനം പത്രങ്ങളിലും ഗ്രാമപഞ്ചായത്തിലേയും ഘടകസ്ഥാപനങ്ങളിലേയും നോട്ടീസ് ബോർഡുകളിലും പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ ആക്ഷേപങ്ങൾ സ്വീകരിച്ച് അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. വസ്തുനികുതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് മേഖല, റോഡ് എന്നിവയുടെ തരംതിരിവും അതിർത്തികൾ നിശ്ചയിക്കലും സംബന്ധിച്ച് പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രധാന വരുമാന തനത് വരുമാന സ്രോതസ്സായ വസ്തുനികുതിയിൽ 2022-23 വാർഷിക ധനകാര്യപത്രിക പ്രകാരം 17 ലക്ഷത്തോളം രൂപ കുടിശ്ശികയുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള രണ്ട് ടർഫുകളുടെ നികുതി നിർണ്ണയം നടത്തേണ്ടതാണ്.

തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് നൽകുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിൽ നികുതി അടയ്ക്കാനുള്ള ജീവനക്കാരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല.

ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം 321 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 1018 വാണിജ്യ സ്ഥാപനങ്ങളുണ്ട്. ഇവ തമ്മിൽ വലിയ അന്തരമുണ്ട്.

തൊഴിൽ നികുതി, ലൈസൻസ് തുടങ്ങിയവയുടെ അടിസ്ഥാന ഡേറ്റ കൃത്യമായ ഫീൽഡ് പരിശോധനയിലൂടെ പൂർത്തിയാക്കാതിരുന്നതിനാൽ പഞ്ചായത്തിന് ചെറിയ അളവിലെങ്കിലും വരുമാന ചോർച്ച സംഭവിക്കുന്നുണ്ട്. പഞ്ചായത്തിലെ സ്ഥാപനങ്ങളുടെയും ട്രേഡർമാരുടെയും വിവരം കൃത്യമായി അപ്ഡേറ്റ് ചെയ്യുന്ന രീതിയിൽ രജിസ്റ്റർ/ഡാറ്റാബേസ് തയ്യാറാക്കിയാൽ തനത് വിഭവ സ്രോതസ്സുകളുടെ പൂർണ്ണമായും വരുമാനമാക്കി മാറ്റുന്നതിന് സാധിക്കും. പഞ്ചായത്തിൽ സജ്ജമായിട്ടുള്ള കെട്ടിടങ്ങളുടെ ഡേറ്റാബേസുമായി മറ്റ് വരുമാന സ്രോതസ്സുകളുടെ ഡേറ്റയെ ബന്ധിപ്പിക്കുന്നതിലൂടെയും വിവിധ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളെ മാപ്പ് ചെയ്ത് എല്ലാവിധ തൊഴിൽ നികുതി/ലൈസൻസ് വിഭവ സ്രോതസ്സുകൾ പരമാവധി ഡിമാന്റിലുൾപ്പെടുത്താനും കഴിയും. കൂടാതെ ടൂറിസം ഉൾപ്പെടെയുള്ള വികസന സാധ്യതകൾ പരിശോധിച്ച് പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഡിമാന്റിന് സജ്ജമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 ഇ-ടെൻഡർ ഫീസ് -ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല

ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ഇ-ടെണ്ടർ മുഖേന നടപ്പാക്കുന്ന പ്രോജക്ടുകളുടെ ടെൻഡർ ഫീസ് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വെയ്ക്കുന്നത്. ടി തുക ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമാണ്. എന്നാൽ 2016 മുതലുള്ള വർഷങ്ങളിലെ ടെൻഡർ ഫീസ് നാളിതുവരെ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ടി വർഷങ്ങളിൽ ലഭിക്കാനുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ലഭിക്കാനുള്ള തുക |
|---|---|
| 2016-17 | 23730/- |
| 2017-18 | 35,580/- |
| 2018-19 | 20238/- |
| 2019-20 | 21014/- |
| 2020-21 | 49820/- |
| 2021-22 | 115980 |
| ആകെ | 2,66,362/- |

2022-23 വർഷത്തേത് ഉൾപ്പെടെ ഇ-ടെൻഡർ ഫീസ് തിരികെ ഗ്രാമ പഞ്ചായത്തിന് ലഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 3-12-2021 ൽ കത്ത് അയച്ചിരുന്നുവെങ്കിലും നാളിതുവരെ തുക ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല. തുക ലഭ്യമാക്കി ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും എസ്.ബി.ഐ.യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. പായിപ്പാട് ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടില്ല. തൻവർഷത്തെയും മുൻവർഷത്തേതുമുൾപ്പെടെ വളരെയധികം തുക ജില്ലാപഞ്ചായത്തിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കാനവശേഷിക്കുന്നു. ഇ-ടെൻഡർ ഫീസിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുള്ള തുകകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-31 ജിഎസ് ടി- സ്രോതസ്സിൽ കുറവ് വരുത്തേണ്ട വിഹിതം കുറവ് ചെയ്തില്ല

| | |
|---|---|
| പ്രോജക്ട് നം | 56/23 |
| പ്രോജക്ടിന്റെ പേര് | പഞ്ചായത്ത് ഓഫീസിലേക്ക് വാഹനം വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 1000000(തനത് ഫണ്ട്) |
| ചെലവ് | 906469 |
| ബിൽ നം | 1/25.4.22 - 857394<br>2/25.4.22 – 49075 |

ജെം പോർട്ടൽ മുഖാന്തിരം നടപ്പിലാക്കിയ പഞ്ചായത്ത് ഓഫീസിലേക്ക് വാഹനം വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം മഹീന്ദ്രാ & മഹീന്ദ്രാ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും മഹീന്ദ്രാ ബൊലേറൊ എന്ന വാഹനം വാങ്ങിയിട്ടുണ്ട്. വാഹനത്തിന്റെ വിലയായി 857394 രൂപ ടി സ്ഥാപനത്തിന് നൽകിയിട്ടുമുണ്ട്. 49075/- രൂപ വാഹനത്തിന്റെ ആക്സസറീസിനത്തിൽ ചെലവു വന്നിട്ടുണ്ട്. CBEC സർക്കുലർ 65/39/2018-DOR തീയതി 14.09.2018 നമ്പർ സർക്കുലർ പ്രകാരം 1.10.2018 മുതൽ ഒറ്റ കോൺട്രാക്ടിൽ രണ്ടര ലക്ഷം രൂപയ്ക്ക് മുകളിലുള്ള പർച്ചേസ് ബില്ലിൽ നിന്നും 2% ജി.എസ്.റ്റി.(TDS) ഉറവിടത്തിൽ ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടി തുകയ്ക്ക് മുകളിൽ മൂല്യം വരുന്ന ബില്ലിൽ നിന്നും ജി.എസ്.റ്റി. ഈടാക്കാതെ മുഴുവൻ തുകയും മഹീന്ദ്രാ & മഹീന്ദ്രാ ലിമിറ്റഡ് എന്ന

സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ജി.എസ്.ടി തുക ഉറവിടത്തിൽ കുറവ് ചെയ്യാതിരുന്നതിന് രേഖാമൂലം വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/26.9.23) ടി തുക ഈടാക്കുന്നതിന് വിട്ടു പോയിട്ടുള്ളതാണെന്ന് അറിയിച്ചു. ടി തുകയ്ക്ക് സ്ഥാപനം റിട്ടേൺ ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കുന്നതാണെന്നും അല്ലാത്തപക്ഷം തുക സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്നും മറുപടി നല്കി. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-32 ആംബുലൻസ് വാങ്ങൽ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 52/23 |
| പ്രോജക്ടിന്റെ പേര് | ആംബുലൻസ് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 100000(തനത് ഫണ്ട്)<br>1150000 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ 1250000 |
| ചെലവ് | 47101 (തനത് ഫണ്ട്) |
| ബിൽ നം | 5/12.5.22 – 16456<br>40/11.7.22 – 30645 |

കോട്ടയം ജില്ലാപഞ്ചായത്ത് 21–22 വർഷം ആംബുലൻസ് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം 1150000/- രൂപ (സി.എഫ്.സി ഗ്രാന്റ്) ചെലവഴിച്ച്, ഫോഴ്സ് മോട്ടോഴ്സ് ലിമിറ്റഡിൽ നിന്നും Force Trax Cruicer Ambulance വാങ്ങുകയും പഞ്ചായത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ടി തുകയിൽ വാഹനത്തിന്റെ ടി.ഡി.എസ് ഇനത്തിലുള്ള തുകയായ 18164 രൂപ ടി.ഡി.എസ് അടവാക്കുന്നതിനായി പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് 19.3.22 ൽ നല്കുകയും ബാക്കി തുകയായ 1131836 രൂപ ഫോഴ്സ് മോട്ടോഴ്സ് ലിമിറ്റഡിന് നല്കുകയും ചെയ്തിരുന്നു.

ഫോഴ്സ് മോട്ടോഴ്സ് ലിമിറ്റഡിന്റെ 31.3.22 ലെ ടാക്സ് ഇൻവോയ്സ് പ്രകാരം ടി വാഹനത്തിന്റെ വില 1162481 രൂപയാണ് (ജിഎസ്.ടി ഉൾപ്പെടെ). ടി തുകയിൽ 1131836 രൂപ ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ചതായും വാഹനത്തിന്റെ വിലയിനത്തിലെ ബാക്കി തുകയായ 30645 രൂപ നല്കണമെന്നും ഫോഴ്സ് മോട്ടോഴ്സ് ജി മെയിൽ മുഖേന പഞ്ചായത്തിനോട് ആവശ്യപ്പെട്ടതായി കാണുന്നു. ആയതു പ്രകാരം പഞ്ചായത്ത് വാഹനം വാങ്ങൽ എന്ന സ്പിൽ ഓവർ പ്രോജക്ട് മുഖേന (52/23) 30645 രൂപ ഫോഴ്സ് മോട്ടോഴ്സിന് നല്കി. ഇപ്രകാരം ടാക്സ് ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ തുകയും (1131836+30645-1162481 ) ഫോഴ്സ് മോട്ടോഴ്സ് കൈപ്പറ്റിയയായി കാണുന്നു. വാഹനത്തിന്റെ വിലയിൽ സ്രോതസ്സിൽ കുറവ് വരുത്തേണ്ട ടി.ഡി.എസ് വിഹിതമായ 2% തുക 18164 രൂപ കിഴിച്ച് ഫോഴ്സ് മോട്ടോഴ്സിന് നല്കേണ്ടിയിരുന്ന തുക 1144317 രൂപയായിരുന്നു. എന്നാൽ ഫോഴ്സ് മോട്ടോഴ്സ് 30645 രൂപ ആവശ്യപ്പെട്ടപ്പോൾ ടി.ഡി.എസ് വിഹിതമായ 18164 രൂപ കുറച്ച് 12481 രൂപ നല്കേണ്ടതിനു പകരം 30645 രൂപ നല്കി. കൂടാതെ ജില്ലാപഞ്ചായത്തിൽ നിന്നും ടി.ഡി.എസ് അടവാക്കുന്നതിനായി പഞ്ചായത്തിലേക്കു നല്കിയ 18164 രൂപ അടവാക്കിയതിന്റെ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/26.9.23) വാഹനം വാങ്ങിയപ്പോൾ 2% ടി.ഡി.എസ് തുക ഈടാക്കുന്നതിനു പകരം മുഴുവൻ തുകയും സ്ഥാപനത്തിന് നല്കുകയുണ്ടായി എന്നറിയിച്ചു. ടി തുക ഉൾപ്പെടെ സ്ഥാപനം റിട്ടേൺ ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ ഹാജരാക്കുന്നതാണെന്നും അല്ലാത്തപക്ഷം തുക സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും മറുപടി നല്കി. അപാതകത പരിഹരിച്ച് തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-33 അഗതി രഹിത കേരളം പദ്ധതി -വികസന ഫണ്ട് വിഹിതം ആശ്രയ അക്കൗണ്ടിൽ അവശേഷിക്കുന്നു

അഗതി രഹിത കേരളം പദ്ധതിക്കായി തൻ വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഒരു ലക്ഷം രൂപ വികസന ഫണ്ട് വിഹിതം (രണ്ടു പേരുടെ വീട് മെയിന്റൻസിനായി) കുടുംബശ്രീ, സി.ഡി.എസ്.ന് നല്കിയിട്ടുണ്ട്.(പ്രോജക്ട് നം.7/23). അഗതി രഹിതകേരളം പദ്ധതിയുടെ ബാങ്ക് അക്കൗണ്ട് പരിശോധിച്ചതിൽ 31.3.23 ൽ 12,63,162 രൂപ ബാലൻസ് നില്ക്കുന്നതായി കാണുന്നു. ആയതിൽ 1096450 രൂപ വികസന ഫണ്ട് വിഹിതമാണ്. മുൻ വർഷങ്ങളിൽ നല്കിയ വികസന ഫണ്ട് വിഹിതം ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നതായാണ്കാണുന്നത്. ആയത് ക്രമപ്രകാരമല്ല. അക്കൗണ്ടിൽ അവശേഷിക്കുന്ന വികസന ഫണ്ട് വിഹിതം അർഹതപ്പെട്ടവർക്ക് നല്കുവാനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. കുടുംബശ്രീ സി.ഡി.എസ് കോർ കമ്മിറ്റിയുടെ 29.5.23 ലെ തീരുമാന പ്രകാരം രണ്ടു പേർക്ക് വീട് മെയിന്റനൻസിനായി 50000 രൂപ വീതവും ഒരു ഗുണഭോക്താവിന് കിണർ നിർമ്മാണത്തിനായി 15000 രൂപയും നല്കുവാനായി തീരുമാനിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം വീട് മെയിന്റനൻസിനായി 150000 രൂപയും കിണർ നിർമ്മാണത്തിനായി 35000 രൂപയും നല്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ സമൂഹത്തിലെ ഏറ്റവും പരിഗണന അർഹിക്കുന്ന വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് സബ്സിഡി പരിമിതപ്പെടുത്താതെ പരാമാവധി പ്രയോജനം ലഭിക്കുന്ന രീതിയിൽ ആനുകൂല്യം നല്കാൻ ശ്രദ്ധിക്കേണ്ടതാണ്. സർക്കാർ ഗ്രാന്റ് പദ്ധതിക്കായി വിനിയോഗിക്കുന്നില്ലാത്തപക്ഷം നാളിതുവരെയുള്ള പലിശ സഹിതം നിശ്ചിത ശീർഷകത്തിൽ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 1-34 നിക്ഷേപ പ്രവൃത്തികൾക്ക് ഏജൻസികളിൽ നിക്ഷേപിച്ച തുക – കണക്കുകളിലും രജിസ്റ്ററിലും അപാകതകൾ

പഞ്ചായത്ത് വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുകകളുടെ മുന്നിരിപ്പ് വിശദാംശം കൃത്യമാക്കി അഡ്വാൻസ് രജിസറ്റർ തയ്യാറാക്കിയിട്ടില്ല. മുൻവർഷങ്ങളിൽ നിക്ഷേപിച്ച തുകകൾ നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ലാത്തതിനാൽ മുന്നിരിപ്പിന്റെ കൃത്യത വ്യക്തമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(3) പ്രകാരം സാമ്പത്തിക വർഷത്തെ അഡ്വാൻസ്/നിക്ഷേപ കണക്കുകൾ മുന്നിരിപ്പ് വിശദാംശം ഉൾപ്പെടെ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമായിരുന്നു. തൻവർഷം വിവിധ പ്രോജക്ടുകൾ പ്രകാരം നിക്ഷേപിച്ച തുകകളും അതാത് നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല എന്നും കാണുന്നു. ചെലവ് പത്രിക പ്രകാരമുള്ള വിവരങ്ങൾ ചേർക്കുന്നു.

| ഏജൻസി | പ്രോജക്ട് നം. | നിക്ഷേപിച്ച തുക | 2022-23 ആകെ |
|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (1/23) | 597,678/- | 597,678/- |
| വാട്ടർ അതോറിറ്റി | പഞ്ചായത്തിൽ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(58/23) | 348,000/- | 348,000/- |
| ഗ്രൗണ്ട് വാട്ടർ വകുപ്പ് | 1,15 വാർഡുകളിൽ കുടിവെള്ള ശുചീകരണ പ്ലാന്റ്(111/23) | 2,535,000/- | 2,669,000/- |
| | 15 വാർഡിലെ കുഴൽക്കിണർ | 120,000/- | |

| | | | |
|---|---|---|---|
| | നിർമ്മാണം(183/23) | | |
| | 1 വാർഡിലെ കുഴൽക്കിണർ മെയിന്റനൻസ് (182/23) | 14,000/- | |
| പൊതുമരാമത്ത് | എ.ഇ. ഓഫീസിലേക്ക് ഡീസൽ ജനറേറ്റർ വാങ്ങുന്നതിന് അധിക തുക വകയിരുത്തൽ(178/23) | 80,400/- | 173,300/- |
| | പി.എച്ച്.സി. യിലേക്ക് ഡീസൽ ജനറേറ്റർ വാങ്ങുന്നതിന് അധിക തുക വകയിരുത്തൽ (209/23) | 92,900/- | |
| 2022-23 ൽ ആകെ നിക്ഷേപിച്ചത് | | | 3,787,978/- |

പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ച തുക മുൻവർഷങ്ങളിലെ നിക്ഷേപങ്ങളുടെ തുടർച്ചയാണെങ്കിലും ധനകാര്യ പത്രികയിൽ മുന്നിരിപ്പായി നിക്ഷേപങ്ങൾ ഇല്ല എന്നത് അപാകത വ്യക്തമാക്കുന്നു.

3,787,978/- രൂപ വിവിധ ഏജൻസികളിൽ നിക്ഷേപിച്ചെങ്കിലും 178/23 പ്രകാരം 80,400/- രൂപ മാത്രമാണ് നിക്ഷേപമായി അക്കൗണ്ട് ചെയ്തിരിക്കുന്നത്. 2022-23 വർഷം നിക്ഷേപമായി ചെലവഴിച്ച 3,707,578/- രൂപ നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. അഡ്വാൻസ് രജിസ്റ്ററിലെ വിവിധ ഏജൻസികളിലെ നിക്ഷേപത്തിന്റെ മുന്നിരിപ്പിലും ആധികാരികതയോ വ്യക്തതയോ ഇല്ല. നിക്ഷേപങ്ങൾ കൃത്യമായി അക്കൗണ്ട് ചെയ്യുന്നതിലും രജിസ്റ്റർ സൂക്ഷിക്കുന്നതിലും നിലനിൽക്കുന്ന അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 15/2022-23/27.09.2023) നൽകിയതിന് മുൻവർഷത്തേത് ഉൾപ്പെടെയുള്ള നിക്ഷേപ തുകകൾ നിക്ഷേപ ശീർഷകങ്ങളിൽ ക്രമീകരിക്കുന്നതാണ് എന്ന് മറുപടിയിൽ അറിയിച്ചു.

2022-23 വർഷത്തെ മുൻകൂർ രജിസ്റ്റർ മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്ത് കൃത്യമായി തയ്യാറാക്കേണ്ടതാണ്. നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യാതിരുന്ന തൻവർഷത്തെ 3,707,578/- രൂപയുടെയും മുൻവർഷങ്ങളിലേയും നിക്ഷേപങ്ങൾ കൃത്യമായ നിക്ഷേപ ശീർഷകങ്ങളിൽ ക്രമീകരിക്കേണ്ടതാണ്. നിക്ഷേപ പ്രവൃത്തികളുടെ രജിസ്റ്റർ പൂർത്തിയാക്കി സാക്ഷ്യപ്പെടുത്തിയതിന്റെയും നിക്ഷേപ ശീർഷകങ്ങളിൽ അക്കൗണ്ടിങ്ങ് അപാകത പരിഹരിച്ച ശേഷം ഓരോ ശീർഷകങ്ങളുടെയും ലെഡ്ജറിന്റെ പകർപ്പും മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

1-35 തൊഴിലുറപ്പ് ഭരണ ചെലവിന് മുൻകൂർ നൽകിയത് ഫണ്ട് ലഭ്യമായിട്ടും ക്രമീകരിച്ചില്ല

തൊഴിലുറപ്പ് പദ്ധതിക്ക് ജീവനക്കാരുടെ ശമ്പളത്തിനും ഓഫീസ് പ്രവർത്തനത്തിനുള്ള ചെലവിനും പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും മുൻകൂർ നൽകുകയാണ് ചെയ്യുന്നത്. പിന്നീട് തൊഴിലുറപ്പ് ഫണ്ട് ലഭ്യമാകുമ്പോൾ ക്രമീകരിക്കുകയാണ് ചെയ്യേണ്ടത്. തൻവർഷം 14 ലക്ഷം രൂപ മുൻകൂറായി നൽകി. മുന്നിരിപ്പുൾപ്പെടെ 22.6 ലക്ഷം രൂപ ക്രമീകരിക്കാനുണ്ടായിരുന്നു. തൊഴിലുറപ്പ് ഫണ്ടിലേക്ക് 11.3 ലക്ഷത്തോളം രൂപ ലഭിച്ചെങ്കിലും 4.56 ലക്ഷം രൂപ മാത്രമാണ് ക്രമീകരിച്ചത്. 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം 17.16 ലക്ഷം രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. ലഭ്യമായ തൊഴിലുറപ്പ് ഫണ്ട് മുഴുവനായും തനത് ഫണ്ടിലേക്ക് സ്വീകരിച്ച് ക്രമീകരിക്കാത്തതിനാൽ

തൊഴിലുറപ്പ് ബാങ്ക് അക്കൗണ്ടിൽ 6.74 ലക്ഷത്തോളം രൂപ നീക്കിയിരിപ്പുണ്ട്. 6.74 രൂപ ലഭ്യമായ തൊഴിലുറപ്പ് ഫണ്ട് തനത് ഫണ്ടിലേക്ക് ക്രമീകരിക്കുന്നതിൽ വീഴ്ച വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.30/2022-23/30.09.2023) നൽകിയതിന് തൊഴിലുറപ്പിന് മുൻകൂർ തുക ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളത് തനത് ഫണ്ടിലേക്ക് ക്രമീകരിക്കുമെന്ന് അറിയിച്ചു.

തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള ഫണ്ട് തനത് ഫണ്ടിലേക്ക് ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. തൊഴിലുറപ്പ് ഫണ്ടിലേക്ക് നൽകുന്ന മുൻകൂർ സമയബന്ധിതമായും പൂർണ്ണമായും ക്രമീകരിക്കുന്നതിന് ആവശ്യമായ തൊഴിലുറപ്പ് പദ്ധതി അഡ്മിനിസ്ട്രേറ്റീവ് ഫണ്ട് ലഭ്യമാക്കുവാനും പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-36 വാട്ടർ ചാർജ് -ഭീമമായ തുക അടവാക്കുന്നു

വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ ആകെ 188 പൊതു ടാപ്പുകളാണുള്ളത്. ആയതിലേയ്ക്ക് വാട്ടർചാർജ്ജ് ഇനത്തിൽ പ്രതിമാസം ഭീമമായ തുക വാട്ടർ അതോറിറ്റിയിലേയ്ക്ക് അടവാക്കുന്നുണ്ട്. വൗച്ചർ നമ്പർ 22200964/25.03.2023 പ്രകാരം മാർച്ച് മാസത്തിൽ 228091 രൂപ വാട്ടർ ചാർജ് ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയതായി കാണുന്നില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/25.09.23) ടി വിഷയം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും 23.02.23 ലെ 9(1) നമ്പർ തീരുമാനപ്രകാരം ജോയിന്റ് വേരിഫിക്കേഷൻ നടത്തുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 8 വാർഡുകളിൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. അടിയന്തിരമായി മറ്റു വാർഡുകളിലേയും പരിശോധന പൂർത്തീകരിക്കുന്നതിനും ഉപയോഗശൂന്യമായ പൊതു ടാപ്പുകൾ ഒഴിവാക്കി വെള്ളക്കരം ഇനത്തിൽ കൂടുതൽ തുക ഒടുക്കുന്നത് അവസാനിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 വിവിധ നിക്ഷേപപ്രവൃത്തികൾ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2022-23 വർഷം വിവിധ പ്രോജക്റ്റുകൾ പ്രകാരം സർക്കാർ ഏജൻസികളിൽ നിക്ഷേപിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക, ഫണ്ടിനം |
|---|---|---|---|
| 1 | ഭൂജല വകുപ്പ്, കോട്ടയം | 111/23 കുടിവെള്ള ശുചീകരണ പ്ളാന്റ് | ധനകാര്യ കമ്മീഷൻ അവാർഡ്-2161200-264/3.3.23 , തനത് ഫണ്ട്-373800-263/3.3.23 ആകെ 2535000 |
| 2 | | 183/23 15-ാംവാർഡിൽ | തനത് ഫണ്ട്-120000 |

| | | | |
|---|---|---|---|
| | | കുഴൽ കിണർ നിർമ്മാണം | 142/15.12.22 |
| 3 | | 182/23 1-ാംവാർഡിൽ കുഴൽ കിണർ മെയിന്റനൻസ് | തനത് ഫണ്ട്-14000 154/5.12.22 |
| 4 | കേരള വാട്ടർ അതോറിറ്റി,തിരുവല്ല | 58/23 പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ധനകാര്യ കമ്മീഷൻ അവാർഡ്-348000-51/8.8.22 |
| 5 | കെഎസ്ഇബി, | 1/23 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | ധനകാര്യ കമ്മീഷൻ അവാർഡ്-597678 (ബിൽ നം.145/19.12.22 -370410 ബിൽ നം.81/24.9.22 -227268) |
| 6 | പി.ഡബ്ല്യുഡി.ഇലക്ട്രിക്കൽ സെക്ഷൻ ,കോട്ടയം | 178/23 എ.ഇ ഓഫീസിലേക്ക് ഡീസൽ ജനറേറ്റർ വാങ്ങുന്നതിന് അധിക തുക വകയിരുത്തൽ | തനത് ഫണ്ട്-80400 ചെക്ക് നം. 581841/9.3.23 |
| | | ആകെ | 3695078 |

വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിങ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നത് വരെ ആകെ ചെലവഴിച്ച 3695078/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-38 ഹരിത കർമ്മസേന പ്രവർത്തനങ്ങൾ കൃത്യമായി നിരീക്ഷിക്കേണ്ടതാണ്

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 114/23 നം പ്രോജക്റ്റ് പ്രകാരം തൻ വർഷം ഹരിത സഹായ ക്ലസ്റ്റർ വിഹിതമായി 269450 രൂപ (വികസന ഫണ്ട്) സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനു നല്കിയിട്ടുണ്ട്. പഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചതിൽ ഓരോ മാസവും യൂസർ ഫീ ഇനത്തിൽ പിരിച്ചെടുക്കുന്ന തുക 22-23 വർഷം കൃത്യമായി കൺസോർഷ്യത്തിന്റെ അക്കൗണ്ടിൽ മാസാദ്യം തന്നെ അടവാക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. പിരിച്ചെടുക്കുന്നതുക ഹരിത സഹായ സംഘത്തിന്റെ അക്കൗണ്ടിൽ മാസത്തിൽ ഒരു തവണ നിക്ഷേപിക്കുന്നതായും സംഘാംഗങ്ങൾക്കുള്ള വേതനം എടുത്തിനു ശേഷം ബാക്കി വരുന്ന 10% തുക കൺസോർഷ്യത്തിന്റെ അക്കൗണ്ടിലേക്ക് അടവാക്കുന്ന രീതിയാണ് നിലവിലും തുടർന്നു വരുന്നത്. 22-23 വർഷം ടി കണക്കുകൾ

ഒന്നും തന്നെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ മേൽ പരിശോധന നടത്തിയതായി കാണുന്നില്ല. സ.ഉ(സാ.ധാ.)നം.1496/20/ത.സ്വ.ഭ.വ തീ.12.6.20, ഹരിതകർമ്മസേന പ്രവർത്തന മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഹരിതകർമ്മസേനയ്ക്ക് ഓരോ മാസവും രണ്ടു ലക്ഷത്തിലധികം രൂപ യൂസർഫീയിനത്തിൽ വരവുണ്ട്. ആയതിനാൽ ഹരിതകർമ്മസേനയുടെ കണക്കുകൾ കൃത്യമായി പരിശോധനാ വിധേയമാക്കേണ്ടതും പ്രവർത്തനങ്ങൾ നിരീക്ഷിക്കപ്പെടേണ്ടതുമാണ്. ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

1-39 ഓണം അഡ്വാൻസ്-തിരികെ ഈടാക്കിയിട്ടില്ല

വാർഷിക ധനകാര്യ പത്രികയിൽ B18 ഷെഡ്യൂൾ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 6000 രൂപ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കുവാനുള്ളതായി കാണുന്നു. ടി തുക ആരുടേതെന്നും തിരികെ ഈടാക്കുവാൻ സ്വീകരിച്ച നടപടികളും വിശദീകരിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 12/26.09.23)നൽകിയിരുന്നു. 2018 വർഷം ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്ന യു.ഡി ക്ലർക്ക് ശ്രീമതി പ്രമീള എന്നയാളിൽ നിന്നുമാണ് ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ടി തുക ലഭിക്കാനുള്ളത് എന്നും ടി വ്യക്തി ആലപ്പുഴ ജില്ലയിലെ പലമേൽ ഗ്രാമ പഞ്ചായത്തിലേയ്ക്ക് സ്ഥലം മാറ്റം ലഭിച്ച് പോയതാണ് എന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ശ്രീമതി പ്രമീളയിൽ നിന്നും ടി തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-40 ടേക്ക് എ ബ്രേക്ക് -പ്രവർത്തനസജ്ജമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 38/23 |
| അടങ്കൽ | 2,10,000/-( ശുചിത്വമിഷൻ)+<br>8,86,755/-(CFC)<br>---------------<br>10,96,755/- |
| ചെലവ് | 8,64,743/-(CFCബിൽനം282/10-3-28) |
| കരാറുകാരൻ | രഘുനാഥൻ നായർ |
| കരാർ | 46/AE/LSGD/21-22 Dt 20-12-21 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |



സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ. തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാരിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശിച്ചിരുന്നു. റോഡ് മാർഗ്ഗം യാത്ര ചെയ്യുന്നവർക്കായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതു ശുചിമുറികൾ സ്ഥാപിക്കുക (വഴിയിട വിശ്രമകേന്ദ്രം) എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഫിഷ്മാർക്കറ്റിനുള്ളിൽ വിശ്രമകേന്ദ്രവും കഫേത്തേരിയും നിർമ്മിക്കുന്നതിന് 2021-22 വർഷം തയ്യാറാക്കിയ പ്രോജക്ട് പ്രകാരം 20-12-21 ൽ പ്രവൃത്തി ആരംഭിക്കുകയും ആകെ 19,77,988/- രൂപ ചെലവഴിച്ച് ടോയ്‌ലെറ്റ് സമുച്ചയങ്ങൾ, കഫത്തേരിയ എന്നിവ നിർമ്മിക്കുകയും ചെയ്തിരുന്നു. ഫിനിഷിങ്ങ് വർക്കുകൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. പ്ലംബിങ്ങ് വർക്കുകൾ പൂർത്തീകരിച്ചിരുന്നുവെങ്കിലും ജലസ്രോതസ്സ് ഏതാണ് തീരുമാനിച്ചിട്ടുള്ളത് എന്നതിൽ അവ്യക്തത ഉണ്ട്. മാർക്കറ്റിനുള്ളിൽ സ്ഥാപിക്കുക വഴി ടേക്ക് എ ബ്രേക്ക് എന്ന ആശയത്തിന്റെ ലക്ഷ്യം നിർവ്വഹിക്കുമോയെന്ന കാര്യത്തിൽ ആശങ്കയുണ്ടാകുന്നു. മാർക്കറ്റ് പ്രവർത്തനക്ഷമമാകുന്നത് പുലർച്ചെ 2.00am ന് മാത്രമാണ്. ഈ സമയത്ത് കഫ്റ്റേരിയ പ്രയോജനമാകുന്നുമില്ല. റോഡ് മാർഗ്ഗം യാത്ര ചെയ്യുന്നവർക്കായി പൊതു ശുചിമുറികൾ എന്ന ആശയം അതീവദുർഗന്ധപൂരിതമായ ഫിഷ് മാർക്കറ്റിനുള്ളിൽ സ്ഥാപിക്കുക വഴി സാദ്ധ്യമാകുന്നില്ലായെന്നും കാണുന്നു. നിർമ്മാണം പൂർത്തീകരിക്കാൻ 2023-24 വർഷം പ്രോജക്റ്റ് തയ്യാറാക്കി വരുന്നതായി അറിയിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് പൊതുജനാവശ്യത്തിനായി തുറന്നു നൽകിയിട്ടില്ലയെന്ന് 27/09/23 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ കണ്ടു. സർക്കാരിന്റെ "വഴിയിടം വിശ്രമ കേന്ദ്രം" എന്ന ആശയം പ്രാവർത്തികമാക്കാൻ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് സമുച്ചയം പൊതുജനങ്ങൾക്ക് പ്രയോജന പ്രദമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-41 R ട്രാക്ക് റോഡ് മാപ്പിങ്ങ് -പൂർത്തിയായില്ല

| | |
|---|---|
| പ്രോജക്ട് | 88/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| അടങ്കൽ | 48000 തനത് ഫണ്ട് |
| ചെലവ് | 32000,<br>ചെക്ക് നം179962/30-3-23 |

സർക്കാർ ഉത്തരവ് (കൈ)നം. 84/22ത.സ്വ.ഭ.വ തീയതി:19/04/2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക8.14 നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് തൻ വർഷം പ്രോജക്ട് തയ്യാറാക്കി 16 വാർഡുകളിലെ മാപ്പിങ്ങ് പൂർത്തിയാക്കിയതിന് ശ്രീ. മനേഷ് മണിയപ്പന് 32000 രൂപ നൽകിയിട്ടുണ്ട്. നിലവിൽ R Track ആപ്ലിക്കേഷനിൽ വിവിധ റോഡുകളുടെ മാപ്പിങ്ങ് മാത്രമാണ് പൂർത്തിയായതെന്നും വേരിഫിക്കേഷൻ നടപടികൾ സെപ്റ്റംബർ 30നകം പൂർത്തീകരിക്കാൻ ഊർജ്ജിതശ്രമങ്ങളുണ്ടെന്നും അറിയിച്ചിട്ടുണ്ട്. നടപടികൾ പൂർത്തിയാകുന്നതു വരെ 32000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-42 ഗ്യാസ് ക്രിമറ്റോറിയം - തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രോജക്ട് നം. 170/23 പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ

നിർവ്വഹണോദ്യോഗസ്ഥനായി 2,00,000/-രൂപ അടങ്കലായി ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നതിനുള്ള മുന്നോടിയായുള്ള സോയിൽ ടെസ്റ്റ്, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവയ്ക്കായി 1,97,060/-രൂപ തനത് ഫണ്ടിൽ നിന്നും (ചെക്ക് നം. 170818/12-12-2022) ചെലവഴിച്ചിട്ടുണ്ട്. തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിങ്ങ് എന്ന സ്ഥാപനത്തിന് തുക നൽകുകയും ടി സ്ഥാപനം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണത്തിനുള്ള തുടർ പ്രോജക്റ്റ് ആവിഷ്കരിച്ചിരുന്നോയെന്നും ഉണ്ടെങ്കിൽ ഏത് ഏജൻസി, അടങ്കൽ തുക, പ്രോജക്റ്റ് വിശദാംശങ്ങൾ എന്നിവയും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 9/25-9-23) മറുപടിയായി ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കുന്നതിനുള്ള പ്രൊജക്റ്റ് 50,28,400/-രൂപ അടങ്കലായി തയ്യാറാക്കിയിട്ടുണ്ടെന്നും ടെൻഡർ നടപടികൾ പൂർത്തിയായി വരുന്നതായും അറിയിച്ചിട്ടുണ്ട്. ടി ഫണ്ട് ജില്ലാപഞ്ചായത്ത് ഉൾപ്പെടെ വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുമെന്ന നിഗമനത്തിലാണ് പ്രോജക്റ്റ് രൂപീകരിച്ചിട്ടുള്ളത്. ഫണ്ട് ലഭ്യമാകുന്നതിന് തുടർനടപടികൾ സ്വീകരിക്കാത്ത പക്ഷം സോയിൽ ടെസ്റ്റ്, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവയ്ക്കായി ചെലവഴിച്ച തുക പാഴ്ചെലവായി മാറുന്നതാണ്. പ്രസ്തുത വിഷയത്തിൽ തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-43 കാലി ബാരൽ വില -കുറവ് ഈടാക്കി - ഈടാക്കിയ തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

2022-23 വർഷം പായിപ്പാട് ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കിയ പ്രവൃത്തിയുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വിലയും ജി.എസ്.റ്റി.യും തനത് ഫണ്ടിൽ (79901300000764) Penalties And Fines എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം./ പേര് | ചെലവഴിച്ച തുക | ബാരലിന്റെ എണ്ണം | ഈടാക്കേണ്ട ബാരൽവില (238+18%GST) | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|
| 139/23 റീത്തുപള്ളി കൈതകോട്ടൽപടി റോഡ് | 608937/- 51/28-3-23 | 18 | 18x281=5058 | 3091/- | 1967 |

സർക്കുലർ നം.59827/എഫ്എം/07/തസ്വഭവ/30.10.07 പ്രകാരം ടാറിങ്ങ് പ്രവൃത്തി ചെയ്യാൻ തുക ഏത് ഫണ്ടിൽ നിന്നാണോ ചെലവഴിച്ചത് ആ ഫണ്ടിലേയ്ക്ക് തന്നെ ബാരൽ വില തിരിച്ചടവാക്കേണ്ടതാണ്എന്ന് വ്യക്തമാക്കിയിരുന്നു.

മേൽ പ്രോജക്റ്റ് പ്രകാരം റിക്കവർ ചെയ്തതിൽ കുറവ് വന്ന 1967 രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതും തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്ത തുക ഉൾപ്പെടെ ബാരൽ വിലയിനത്തിൽ 5058/- രൂപ ബന്ധപ്പെട്ട സർക്കാർ ഫണ്ടുകളിലേയ്ക്ക് തിരികെ അടവുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-44 പി.എച്ച്.സി.-യിൽ ഡീസൽ ജനറേറ്റർ സ്ഥാപിക്കൽ-പ്രോജക്റ്റ് പൂർത്തിയായില്ല

| | |
|---|---|
| പ്രോജക്റ്റ് | പി.എച്ച്.സി.-യിലേക്ക് ഡീസൽ ജനറേറ്റർ വാങ്ങുന്നതിന് അധിക തുക വകയിരുത്തൽ (209/23) |
| അടങ്കൽ | 92,900/- രൂപ {41,345/- വികസന ഫണ്ട്(ജനറൽ), 51,555/- തനത് ഫണ്ട്} |
| ചെലവ് | 41,435/- (Bill No.354/28-03-2023) |

| | |
|---|---|
| | 51,555/- (Voucher No.22201049/ 30-3-2023) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, FHC പായിപ്പാട് |
| നിർവ്വഹണ ഏജൻസി | പൊതുമരാമത്ത് വകുപ്പ് (ഇലക്ട്രിക്കൽ വിഭാഗം) |

2021-22 വർഷത്തിൽ ആരംഭിച്ച പ്രോജക്ടിൽ 4.5 ലക്ഷം രൂപ നിർവ്വഹണ ഏജൻസിയിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ തൻവർഷം ജി.എസ്.റ്റി., സെന്റേജ് ചാർജ് എന്നിവ ഉൾപ്പെടുത്തി നിർവ്വഹണ ഏജൻസി എസ്റ്റിമേറ്റ് പുതുക്കി 542,900/- രൂപയായി നിർണ്ണയിച്ച് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 17/12/2022 ലെ ഡി.ബി.(2)PWD/BLDG/EST/4846/2022 നം. കത്ത് മുഖേന റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാക്കി. റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ബാക്കി തുകയായ 92,900/- രൂപ മേൽ പ്രോജക്ട് പ്രകാരം നിർവ്വഹണ ഏജൻസിയിൽ അടവാക്കി. എന്നാൽ പ്രോജക്ട് രേഖകൾ പരിശോധിച്ചതിൽ നിന്നും ഡീസൽ ജനറേറ്റർ സ്ഥാപിച്ചതായി കാണുന്നില്ല. പ്രോജക്ടിന്റെ പൂർത്തീകരണ വിവരമായ പൊതുമരാമത്ത് വകുപ്പിന്റെ ധന വിനിയോഗ സാക്ഷ്യപത്രം, പൊതുമരാമത്ത് വകുപ്പ് (ഇലക്ട്രിക്കൽ വിഭാഗം) മായി വച്ച കരാർ വിശദാംശങ്ങൾ, ഡീസൽ ജനറേറ്റർ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്, അനുബന്ധരേഖകൾ എന്നിവ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.20/29.09.2023) നൽകിയതിന് മറുപടി ലഭിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ നിർവ്വഹണ ഏജൻസിയുമായി കരാർ ചമയ്ക്കേണ്ടതാണ്. പ്രോജക്ട് പ്രകാരമുള്ള ഡീസൽ ജനറേറ്റർ സ്ഥാപിച്ച ശേഷം ജനറേറ്റർ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്, ധന വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്. പ്രോജക്ട് പൂർത്തീകരിക്കുന്നതുവരെ തൻവർഷത്തെ ചെലവ് 92,900/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-45 പായിപ്പാട് കുടുംബാരോഗ്യ കേന്ദ്രത്തിന് മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു

കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹിച്ച 2 പ്രോജക്ടുകൾ പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ (KMCSL) നിന്നും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല എന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ പ്രോജക്ട് | 156/23-മാരക രോഗികൾക്ക് മരുന്ന് മേടിക്കൽ പദ്ധതി | 13/23-പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ |
|---|---|---|
| അടങ്കൽ, ആകെ ചെലവ് | 2 ലക്ഷം (തനത് ഫണ്ട്) | 5.5 ലക്ഷം(വികസന ഫണ്ട്- ജനറൽ) |
| KMCSL-ൽ ഒടുക്കിയ തുക | 2 ലക്ഷം വൗച്ചർ നം. 22200856/14-02-2023 | 107,640/- Bill No.89/13-10-2022 |
| ലഭ്യമായ മരുന്ന് (09/2023 വരെ) | 135,452/- രൂപയുടെ മരുന്ന് | 78,589/- രൂപയുടെ മരുന്ന് |
| ലഭിക്കാനുള്ളത് | 64,548/- | 29,051/- |
| KMCSL പെർഫോമ ഇൻവോയ്സ് | PRF3940/27-01-2023 | PRF1341/16-09-2022 |

മേൽപറഞ്ഞ പ്രോജക്ടുകൾ പ്രകാരം ആകെ 93,649/- രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു. 2022-23 വർഷത്തെ പ്രോജക്ടുകൾ പ്രകാരം മരുന്നുകൾ പൂർണമായും ലഭിക്കാൻ

സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.19/2022-23 /29.09.2023) നൽകിയതിന് മറുപടി ലഭ്യമായില്ല. KMCSL-ൽ നിന്ന് മേൽ പ്രോജക്ടുകൾ പ്രകാരമുള്ള മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ഇൻവോയ്സിന്റെ പകർപ്പുകൾ ഉൾപ്പെടെ മറുപടി നൽകേണ്ടതാണ്. മരുന്ന് വാങ്ങൽ പ്രോജക്ടുകൾ പൂർത്തിയാകുന്നതുവരെ 93,649/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-46 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് / നം. | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ –103/23 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ - ഹോമിയോ |
| അടങ്കൽ തുക | 1,00,000/-<br>(മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ചെലവഴിച്ച തുക | 1,00,000/- |
| ബിൽ നം./തീയ്യതി | 01/23.12.2022 |

മെഡിക്കൽ ഓഫീസർ - ഹോമിയോ നിർവ്വഹണം നടത്തിയ മരുന്ന് വാങ്ങൽ പദ്ധതിയ്ക്കായി 100000/- രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഹോംകോയിൽ നിന്നും 46810/- രൂപയുടെ മരുന്നുകൾ മാത്രമേ ഇതുവരെ ലഭ്യമായിട്ടുള്ളൂ. 53190/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. ഹോംകോയുമായി ബന്ധപ്പെട്ട് എത്രയും വേഗം മരുന്നുകൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ പൂർണ്ണമായും ലഭ്യമാകാത്ത സാഹചര്യത്തിൽ 53190/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

2022-23 ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 20/09/2023, 21/09/2023 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം(Financial Audit Certificate 2022-23) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2022-23 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ

അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2022-23 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 1,415,220/- രൂപയും മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 980,000/- രൂപയും ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗം ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| കോട്ടയം ജില്ല പഞ്ചായത്ത് | 220,000/- | ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് സ്കോളർഷിപ്പ് നൽകൽ (75/23) | 220,000/- | 0 |
| | 200,000/- | അങ്കണവാടി പോഷകാഹാരം (12/23) | 200,000/- | 0 |
| | 995,220/- | ബാബു സദനം വള്ളവൻചിറ റോഡ് മെയിന്റനൻസ് വാർഡ്-7 (202/23) | 995,220/- | 0 |
| ആകെ | 1,415,220/- | ജില്ല പഞ്ചായത്ത് വിഹിതം | 1,415,220/- | 0 |
| മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 580,000/- | ലൈഫ് ഭവന നിർമ്മാണം -എസ്.സി. (141/23) | 580,000/- | 0 |
| | 300,000/- | ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് സ്കോളർഷിപ്പ് നൽകൽ (75/23) | 300,000/- | 0 |
| | 100,000/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (94/23) | 100,000/- | 0 |
| ആകെ | 980,000/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 980,000/- | 0 |

മുൻവർഷങ്ങളിൽ ക്രമീകരിക്കാത്ത പഞ്ചായത്ത് ഫണ്ടിൽ ബാധ്യതയായിരുന്ന ബ്ലോക്ക് പഞ്ചായത്ത് വിഹിതം 705,063/- രൂപ തൻവർഷമാണ് ക്രമീകരിച്ചത്. ആയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക I-6 ഷെഡ്യൂളിൽ ബ്ലോക്ക് വിഹിതം ചെലവും ക്രമീകരിച്ച തുകയും ഉൾപ്പടെയാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2022-23 വർഷം പഞ്ചായത്ത് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് ഭ്രനിർവ്വഹണ ഏജൻസികളിൽ വിവിധ പ്രോജക്ടുകളിലൂടെ തുക നിക്ഷേപിച്ചിട്ടുണ്ട്. മുൻകൂർ നൽകിയിട്ടുള്ള തുകകളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം വാർഷിക ചെലവ് പത്രിക പ്രകാരമുള്ളത് താഴെ

ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയത് | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|
| ഭൂജല വകുപ്പ് (GWD) | 1,15 വാർഡുകളിൽ കുടിവെള്ള ശുദ്ധീകരണ പ്ലാന്റ് (111/23) | 2,535,000/- | 0 | 2,535,000/- |
| | 15 വാർഡിലെ കുഴൽക്കിണർ നിർമ്മാണം(183/23) | 120,000/- | 0 | 120,000/- |
| | 1 വാർഡിലെ കുഴൽക്കിണർ മെയിന്റനൻസ് (182/23) | 14,000/- | 0 | 14,000/- |
| | ആകെ GWD-യിൽ നിക്ഷേപിച്ചത് | 2,669,000/- | 0 | 2,669,000/- |
| KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (1/23) | 597,678/- | 0 | 597,678/- |
| കേരള വാട്ടർ അതോറിറ്റി | പഞ്ചായത്തിൽ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ (58/23) | 348,000/- | 0 | 348,000/- |
| പൊതുമരാമത്ത് വകുപ്പ്(PWD) | എ.ഇ.ഓഫീസിലേക്ക് ഡീസൽ ജനറേറ്റർ വാങ്ങുന്നതിന് അധിക തുക വകയിരുത്തൽ (178/23) | 80,400/- | 0 | 80,400/- |
| | പി.എച്ച്.സി.യിലേക്ക് ഡീസൽ ജനറേറ്റർ വാങ്ങുന്നതിന് അധിക തുക വകയിരുത്തൽ (209/23) | 92,900/- | 0 | 92,900/- |
| | ആകെ PWD-യിൽ നിക്ഷേപിച്ചത് | 173,300/- | 0 | 173,300/- |

2022-23 വർഷം ഭൂജല വകുപ്പ്, KSEB, വാട്ടർ അതോറിറ്റി എന്നിവയിലെ നിക്ഷേപവും പൊതുമരാമത്ത് വകുപ്പിലെ 209/23 നം. പ്രോജക്ട് പ്രകാരമുള്ള നിക്ഷേപവും നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. അക്കൗണ്ടിങ് അപാകത തൻവർഷം പരിഹരിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

പായിപ്പാട് ഗ്രാമപഞ്ചാത്ത് ഫണ്ടിൽ നിന്നും 2022-23 സാമ്പത്തിക വർഷം കൺവീനർ പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

മുൻ വർഷം സ്രോതസ്സിൽ കുറവ് ചെയ്ത തിരിച്ചടവായി ക്രമീകരിക്കാതിരുന്ന 8.8 ലക്ഷം തൻവർഷം വാർഷിക കണക്കുകളിൽ ക്രമീകരിച്ച് വായ്പ നീക്കിയിരിപ്പ് കൃത്യമാക്കി. പഞ്ചായത്ത് തൻവർഷം വായ്പ എടുത്തിട്ടില്ല. 2022-23 വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം 31/03/2023-ൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടേയും വിശദവിവരം താഴെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി ഹഡ്കോ വായ്പ(KURDFC) | ജി.ഒ.(എം.എസ്) 68/2018/LSGD തീ-18.05.2018 | 4,462,768/- | ഇല്ല | 981,560/- | - | 3,481,208/- |

വികസന ഫണ്ടിൽ ജനറൽ വിഹിതത്തിൽ നിന്ന് 798,780/- രൂപയും SCSP-യിൽ നിന്നും 182,780/- രൂപയും ഉൾപ്പെടെ ആകെ 981,560/- രൂപ വികസന ഫണ്ട് അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്താണ് (Source Deduction) KURDFC വായ്പ തിരിച്ചടവ് നടത്തിയത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ധനകാര്യ പത്രിക പ്രകാരം പഞ്ചായത്തിന് സ്ഥിരനിക്ഷേപമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

2022-23 ധനകാര്യ പത്രിക പ്രകാരം ലഭിച്ച ഓഡിറ്റ് റിക്കവറി 60/- രൂപയാണ്. 180400101 ശീർഷകത്തിലാണ് തുക അക്കൗണ്ട് ചെയ്തിരിക്കുന്നത്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | അടവാക്കിയ തുക/വരവിനം | തുക ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|---|
| 1. | 1999-00 | 27 | 60/- | കെ. ജി. സുമതി, ക്ലാർക്ക് | 1220101413/ 01.08.2022 |

ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് റിക്കവറിയായി ലഭിക്കുന്ന തുകകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് ഓഡിറ്റ് റിക്കവറി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പായിപ്പാട് ഗ്രാമപഞ്ചായത്തിലെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2021-22 വരെ പുറപ്പെടുവിച്ചിട്ടുള്ള സമാഹൃത റിപ്പോർട്ടുകളിൽ(Consolidated Audit Report-CAR) ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ താഴെ ചേർക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.2.1 2.2.2 | 2016-17 | ഖണ്ഡിക - 1 അനുബന്ധം-3 | വസ്തുനികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2.3.1, 2, 3, 4, 5 | 2016-17 | ഖണ്ഡിക - 2 അനുബന്ധം-4 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2015-16 | 2.5.1 2.5.2 2.5.3 | 2016-17 | ഖണ്ഡിക - 2 അനുബന്ധം-5 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2020-21 | 1-14 | 2021-22 | അനുബന്ധം 1 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

4-9 ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരിപ്പ് ഉൾപ്പടെ (റസീപ്റ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 78,510,259/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ്& പേമെന്റ് പത്രിക പ്രകാരം) | : | 62,090,192/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 124,190,531/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 122,607,776/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3,966,817/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-37 (1,6) | 2,615,400/- | ബിന്ദു ഹരിഹരൻ, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) |
| 1-37 (2,3,4,5) | 1,079,678/- | ലിറ്റി തോമസ്, സെക്രട്ടറി |

| | | |
|---|---|---|
| 1-41 | 32,000/- | അസ്ജാദ് എം. എഫ്., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-44 | 92,900/- | ഡോ. അജിത്ത് തോമസ് മാത്യു,<br>മെഡിക്കൽ ഓഫീസർ(FHC) |
| 1-45 | 93,649/- | ഡോ. അജിത്ത് തോമസ് മാത്യു,<br>മെഡിക്കൽ ഓഫീസർ(FHC) |
| 1-46 | 53,190/- | ഡോ. ഗായത്രി ബി. എസ്. ,<br>മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| ആകെ | 3,966,817/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക-നം. | ഇനം | തുക |
|---|---|---|
| 1-25 | CGST | 82,539/- |
| | SGST | 82,539/- |
| ആകെ | | 165,078/- |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

. വരവിനങ്ങൾ – ഖണ്ഡിക 1-14, 1-16, 1-22, 1-23

. ചെലവിനങ്ങൾ – ഖണ്ഡിക 1-36

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30/09/2023 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.കെ.പി3-210/1998/16.05.1998/03.09.1999 | - |
| 2001-02 | എൽ.എഫ്.കെ.പി8-906/2007/22.04.2009 | 4 |
| 2003-04 (ചെലവ്) | എൽ.എഫ്.കെ.പി8-165/2007/04.07.2009/09.10.2009 | 13 |
| 2005-06 | കെ.എസ്.എ.-കെ.ടി.എം.പി10(അദാ-2022)/165(1)/2022 /05.08.2022 | 1 |
| 2008-09 | കെ.എസ്.എ.-കെ.ടി.എം.പി10(അദാ-2022)/165(4)/2022 /05.08.2022 | 4 |
| 2009-10 | കെ.എസ്.എ.-കെ.ടി.എം.പി10(അദാ-2022)/165(5)/2022 /05.08.2022 | 1 |
| 2010-11 & 2011-12 | കെ.എസ്.എ.-കെ.ടി.എം.പി10(അദാ-2022)/165(6)/2022 /05.08.2022 | 1 |
| 2012-13 | കെ.എസ്.എ.-കെ.ടി.എം.പി10(അദാ-2022)/997/2022 /05.08.2022 | 7 |

| | | |
|---|---|---|
| 2013-14 | കെ.എസ്.എ.-കെ.ടി.എം.പി10/998/2022/16.06.2022 | 15 |
| 2014-15 | കെ.എസ്.എ.-കെ.ടി.എം.പി10/997/2022/16.06.2022 | 11 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി10/999/2022/27.07.2022 | 8 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി10/1000/2022/10.08.2022 | 9 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി10/1186/2022/10.08.2022 | 7 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി10/1187/2022/10.08.2022 | 10 |
| 2019-20 | കെ.എസ്.എ.-കെ.ടി.എം.പി10-1592/2021/07.06.2022 | 16 |
| 2020-21 | കെ.എസ്.എ.-കെ.ടി.എം.പി10/1593/2021/09.06.2022 | 14 |
| 2021-22 | കെ.എസ്.എ.-കെ.ടി.എം.പി10/464/2023/31.03.2023 | 68 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 21-07-2023 and submitted on 22-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Paippadu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Paippadu Grama Panchayat for the year 2022-2023

Date: 24/11/2023

Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Paippadu Grama Panchayat for the Year 2022-2023.

**1.Major Observations**

1) General Fund Details not maintained. Opening Balance Receipt Payment(OBRP) data of asset and liability as on 01/04/2011 not available. Source Data not available for the value of total general fund as on 31/03/2023

2) Non Disclosure of Capital Contribution-Captal contribution opening balance details, fundwise capital contribution of current year are not available

3) Non Disclosure of Assets-Assets not classified and evaluated and accounted-Asset Register has not updated

4) Assets Generated during current year-detailed project wise and fundwise data not provided

**2.Other Observations**

1) Capital Work in Progress accounting and adjustment details not provided.
2) Calculation sheet for depreciation of assets for Rs. 13.91 lakhs not provided by the Secretary
3) Government and other dues register not maintained
4) Accrual accounting of receipts-Demand-Collection-Balance details of Rent, Professon Tax, License are not certified and properly maintained
5) Accrual Entry and Reciept of Trader/Institution Profession tax are not properly made in specific account heads
6) Opening balance details of Bidders Security Deposit in Panchayath fund is not available in 2022-23 Deposit Register
7) Advance Register for Deposit Works is not properly maintained. Opening balance details of pending works are not carried over to 2022-23 deposit register. Current year deposits are not accounted in Deposit account heads in AFS.
8) Unspent balance recovered by government in previous year and not refunded (Rs.1136134/-), accounted as Redumption amount.
9) Advance to NREGS are accounted as accrual payments instead of direct payments.
10) Misclassification of receipt-an amout of Rs.3,000/- accounted in revenue expenditure account head.
11) Accrual accounting of contingent expenditures for the year not booked in single liability account head while proper accounting heads available.
12) Beneficiary Contribution Expenditure of 21,000/- rupees for Project no.118/23 has not accounted through Journal Voucher.

DEPUTY DIRECTOR
KERALA STATE AUDIT DEPT.
DISTRICT AUDIT OFFICE, KOTTAYAM

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്